നിയമ സംസ്കാര കേന്ദ്രത്തിന്റെ

ജനനീതി

3.00 ക.

# രാഷ്ട്രീയ മുഷ്ക്കിന്നെതിരെ



നന്ദിഗ്രാമിലെ ജനങ്ങളോട് കാണിക്കുന്ന അതിക്രമങ്ങളിൽ പ്രതിഷേധിച്ച് സന്നദ്ധ സംഘടനാ പ്രതിനിധികൾ കൽക്കത്തയിൽ നടത്തിയ ഉപവാസത്തിൽ മേധാപട്കർ, ഫിലിം നിർമ്മാതാവ് അപർണ സെൻ, കവയിത്രി മഹാശ്വേതദേവി (മുൻനിരയിൽ) തുടങ്ങിയവർ.

128

ഡിസംബർ 2007

# പാർട്ടിയിൽ അഴിമതി നുഴഞ്ഞുകയറുമ്പോൾ

**ബം**ഗാളിൽ ഈയിടെ റേഷൻ കുംഭകോണം വ്യാപകമായ പ്രതിഷേധ പ്രകടനങ്ങൾക്കും, അക്രമങ്ങൾക്കും വെടിവെപ്പിന്നും കാരണമാകുകയുണ്ടായി. മൂന്നുപേരെങ്കിലും കൊല്ലപ്പെട്ടിട്ടുണ്ട്. ഭരണകക്ഷിയായ മാർക്സിസ്റ്റ് പാർട്ടിയുടെ കോട്ടകളിൽ തന്നെയാണ് കലാപങ്ങളുണ്ടായതെന്നതാണ് കൂടുതൽ അത്ഭുതകരമായിട്ടുള്ളത്.

സെപ്തംബർ 16ന്ന് ബങ്കുറ ജില്ലയിലെ രാധാമോഹൻപൂർ ഗ്രാമത്തിൽ നിന്നാ ണ് കലാപം ആരംഭിച്ചത്. ഇന്ത്യ-അമേ രിക്ക അണു വൈദ്യുതി കരാർ സംബന്ധിച്ച വിവാദം വിശദീകരി ക്കുന്നതിന്നു സംഘടിപ്പിച്ച ഒരു യോഗത്തിൽ ചിലർ റേഷൻ കിട്ടാത്ത കാര്യം എടുത്തിട്ടു. നേതാക്കന്മാർ അത് അവഗണിച്ചത് ജനങ്ങളെ ക്ഷോഭിപ്പിച്ചു. തുടർന്നുണ്ടായ ബഹളത്തിൽ പല നേതാക്കന്മാർക്കും തല്ലുകിട്ടി. ഒടുവിൽ പോലീസ് ഇടപെടുകയും വെടിവെക്കുകയും ചെയ്തു.

ഇതിന്റെ വാർത്ത പരന്നതോടെ സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലും റേഷൻ കലാപം പൊട്ടിപ്പുറപ്പെട്ടു. ഒട്ടേറെ റേഷൻ കടകൾ ആക്രമിക്കപ്പെട്ടു. റേഷൻ കടക്കാരിലധികവും മാർക്സിസ്റ്റ് പാർട്ടിക്കാരോ അനുഭാവികളോ ആണെന്നതാണ് ഇതിന്റെ പ്രത്യേകത.

കേന്ദ്ര ഗവർമ്മേണ്ട് വേണ്ടത്ര ധാന്യം അനുവദിക്കാത്തതാണ് റേഷൻ വിതരണത്തെ തകരാറിലാക്കുന്നതെന്ന് ബംഗാൾ ഗവർമ്മേണ്ട് പറയുന്നു. കേന്ദ്രം അനുവദിക്കുന്ന ധാന്യം പോലും ബംഗാൾ ഏറ്റെടുക്കുന്നില്ലെന്ന് കേന്ദ്ര ഗവർമ്മേണ്ട് കുറ്റപ്പെടുത്തുന്നു. ഏതായാലും റേഷൻ വിതരണത്തിൽ തകരാറുണ്ടെന്നത് ശരിയാണ്.

കേന്ദ്രത്തിൽ നിന്നു കിട്ടുന്ന അരി, ഗോതമ്പ്, തുടങ്ങിയ സാധനങ്ങൾ റേഷൻ കടക്കാർ കിഞ്ചന്തയിൽ വിറ്റു കാശുണ്ടാക്കുകയാണെന്നാണ് ജനങ്ങൾ കുറ്റപ്പെടുത്തുന്നത്. അതിൽ സത്യത്തിന്റെ വലിയൊരംശമുണ്ടെന്നത് ശരിയാണ്. ഇതൊരു പുതിയ പ്രതിഭാസമല്ല. റേഷൻ സാധനങ്ങൾ തട്ടിയെടുത്ത് മറിച്ചു വിൽക്കുന്നത് പണ്ടേയുള്ള ഏർപ്പാടാണ്. അതിപ്പോൾ അനിയന്ത്രിതമായിരിക്കുന്നുവെന്നതാണ് പുതുമ. റേഷൻ കടക്കാരിലധികവും മാർക്സിസ്റ്റ് പാർട്ടിക്കാരാകയാൽ എല്ലാവരും കണ്ണടക്കുകയാണ് പതിവ്. റേഷൻ സാധനങ്ങൾ മറിച്ചു വിൽക്കുന്നതിന്ന് ഭക്ഷ്യ വകുപ്പിലേയും പഞ്ചായത്തുകളിലേയും അഴിമതിക്കാർ കട്ടുനിൽക്കുന്നു. പോലീസ് ഐ.ജി. നസിറുൽ ഇസ്ലാം ഈയിടെ നടത്തിയ ഒരന്വേഷണത്തിലും റേഷൻ വിതരണത്തിൽ വ്യാപകമായ അഴിമതിയുള്ളതായി കണ്ടെത്തി യിരുന്നു.

ജനങ്ങൾ സാധാരണയായി ഗവർമ്മേണ്ടിന്നെതിരായാണ് പ്രതിഷേധ പ്രകടനങ്ങൾ നടത്താറുള്ളത്. എന്നാൽ ഈ റേഷൻ പ്രശ്നത്തിൽ ആക്രമണത്തിന്നിരയായതിലധികവും പാർട്ടി ഓഫീസുകളായിരുന്നു. ❑

ജനനീതി

ഡിസംബർ 2007
**128**

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**

Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# അക്രമ രാഷ്ട്രീയവും ജനാധിപത്യവും യോജിച്ചുപോകില്ല

**ച**ങ്ങനാശ്ശേരി കോളേജിൽ ഒക്ടോബർ 26ന്നുണ്ടായ വിദ്യാർത്ഥി സംഘട്ടനത്തിൽ ഇടപെട്ട പൊലീസുകാരിലൊരാളെ തല്ലിക്കൊന്ന സംഭവത്തെ കക്ഷിരാഷ്ട്രീയത്തിന്നതീതമായി കാണാൻ കേരളത്തിലെ രാഷ്ട്രീയ കക്ഷികൾക്കോ മാധ്യമങ്ങൾക്കോ കഴിഞ്ഞില്ലയെന്നത് അത്യന്തം അസ്വാസ്ഥ്യ ജനകമാണ്. നമ്മുടെ ജനാധിപത്യ സംവിധാനം കാടുകയറുകയാണോ? നാലഞ്ചുകൊല്ലം മുമ്പ് മുത്തങ്ങയിലെ ആദിവാസി സമരത്തിന്നിടയിൽ ഒരു പൊലീസുകാരൻ കൊല്ലപ്പെട്ടതിന്നു ശേഷം കേരളത്തിൽ ഒരു പോലീസുകാരൻ രാഷ്ട്രീയക്കാരാൽ കൊല്ലപ്പെടുന്നത് ഇതാദ്യമാണ്. നിയമവാഴ്ച നടപ്പിലാക്കാൻ നിയോഗിക്കപ്പെട്ട പോലീസുകാരൻ തന്നെ കൊല്ലപ്പെടുകയെന്നു വച്ചാൽ ജനാധിപത്യത്തിന്റെ അടിത്തറ തകരുക എന്നാണർത്ഥം.

നമ്മുടെ പോലീസിന്ന് ഒരു നൂറുകൂട്ടം കുറ്റങ്ങളും കുറവുകളുമുണ്ടെന്നത് ശരിയാണ്. അവർക്കിടയിൽ അഴിമതിക്കാരുണ്ട്; അക്രമികളുണ്ട്; നിയമലംഘകരുണ്ട്; ക്രിമിനലുകളുണ്ട്; അതെല്ലാം ശരിതന്നെ. പക്ഷെ ഇതിനെല്ലാം ഉത്തരവാദിത്വം വഹിക്കേണ്ടത് നമ്മളാണ്; നമ്മുടെ രാഷ്ട്രീയ നേതാക്കളാണ്. പണിയറിയാത്തവൻ പണിയായുധത്തെ കുറ്റം പറയുന്നതുപോലെയാണ് രാഷ്ട്രീയക്കാർ പോലീസിനെ പഴി പറയുന്നത്.

ജനാധിപത്യത്തിന്റെ ആധാരശില നിയമവാഴ്ചയാണ്. രാഷ്ട്രപതി മുതൽ പാടത്ത് പണിയെടുക്കുന്ന പാറൻ വരെ

യുള്ള എല്ലാവരും നിയമത്തിന്നു മുന്നിൽ തുല്യരാണ്; നിയമത്തെ മാനിക്കാനും നിയമമനുസരിച്ച് പ്രവർത്തിക്കാനും ഓരോ പൗരനും ബാധ്യസ്ഥനാണ്. അങ്ങനെയെല്ലാം കാര്യങ്ങൾ നടക്കുമെന്ന് ഉറപ്പുവരുത്താനുള്ള ചുമതല പോലീസിന്നാണ്. ആ പോലീസിനെ മന:പൂർവ്വം തല്ലിക്കൊല്ലുകയെന്നുവച്ചാൽ ജനാധിപത്യത്തെത്തന്നെ നിഷേധിക്കുഎന്നാണർത്ഥം. നിയമവാഴ്ച നിലനിൽക്കണമെന്നാഗ്രഹിക്കുന്ന ഒരാൾക്കും ഇത്തരം അതിക്രമങ്ങളെ പൊറുക്കാനാവില്ല.

ചരിത്രപരമായ കാരണങ്ങളാൽ ഇന്ത്യയിൽ പോലീസിന്നും ജനങ്ങൾക്കുമിടയിൽ വലിയൊരു ചീനാമതിൽതന്നെ നിലനിൽക്കുന്നുണ്ട്. ബ്രിട്ടീഷ് ഭരണകാലത്ത് ജനങ്ങളെ തല്ലിയൊതുക്കാനുള്ള കരുവായിരുന്നു പോലീസ്. അതുകൊണ്ടുതന്നെ ജനങ്ങൾ പോലീസിനേയും, പോലീസ് ജനങ്ങളേയും ശത്രുഭാവേനയാണ് വീക്ഷിച്ചിരുന്നത്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഈ സ്ഥിതി മാറേണ്ടതായിരുന്നു. നിർഭാഗ്യവശാൽ അതു സംഭവിച്ചില്ല. പുതിയ ഭരണാധികാരികളും പോലീസിനെ ഒരു മർദ്ദനോപാധിയായി കൈകാര്യം ചെയ്തു വന്നു. പക്ഷെ ഗുണപരമായി വലിയൊരു വ്യത്യാസവുമുണ്ടായിരുന്നു.

ബ്രിട്ടീഷ് ഭരണത്തിൽ പോലീസിന്ന് ഒരൊറ്റ യജമാനനേ ഉണ്ടായിരുന്നുള്ളൂ. 1947 ന്നു ശേഷമാകട്ടെ, പോലീസിന്ന് യജമാനൻമാർ ഏറെയാണ്. ഇക്കൊല്ലം പോലീസ് കോൺഗ്രസ്സുകാരുടെ മർദ്ദനോപാധിയാണെങ്കിൽ, അടുത്തകൊല്ലം അവർ കമ്യൂണിസ്റ്റുകാരുടെ മർദ്ദനോപാധിയായി മാറും. ഇന്നത്തെ യജമാനൻ നാളത്തെ ദാസനും, മറിച്ചും, സംഭവിക്കുന്ന സാഹചര്യത്തിൽ പോലീസ് നാനാവിധത്തിലും തെറ്റുചയ്യാൻ പ്രേരിതനാകുകയോ നിർബ്ബദ്ധനാകുകയോ ചെയ്യുന്നു. നമ്മുടെ രാഷ്ട്രീയ നേതാക്കന്മാർ മാത്രമാണ് ഇതിന്നു ഉത്തരവാദികൾ.

നിയമലംഘനം പവിത്രമായൊരു ധർമ്മമായിട്ടാണ് ഇന്ത്യയിലെ ജനങ്ങൾ കരുതിപ്പോരുന്നത്. സ്വാതന്ത്ര്യസമരത്തിന്റെ അവശിഷ്ടമാണിതെന്നു പറയാം. സ്വാതന്ത്ര്യസമരകാലത്ത് നേതാക്കന്മാർ നിയമലംഘനം നടത്തിയിരുന്നുവെങ്കിൽ അതു വിദേശികൾ അടിച്ചേൽപ്പിച്ച നിയമങ്ങളെയാണ് ലംഘിച്ചിരുന്നത്. ഇന്നാകട്ടെ, ഒരു സ്വതന്ത്ര പരമാധികാര രാഷ്ട്രമായ നമ്മൾ, നമ്മുടെ പുരോഗതിക്കും ക്ഷേമത്തിന്നും വേണ്ടിയുണ്ടാക്കുന്ന നിയമങ്ങളെയാണ് ലംഘിക്കുന്നത്. ഒരു ജനാധിപത്യ സംവിധാനത്തിൽ അനുവദനീയമായ ഏർപ്പാടല്ല ഇത്. ജനങ്ങൾ തിരഞ്ഞെടുത്തയക്കുന്ന ജനപ്രതിനിധികൾ കൂടിയോലോചിച്ച് അംഗീകരിക്കുന്ന നിയമങ്ങളെ അനുസരിക്കാൻ ജനങ്ങൾ ബാധ്യസ്ഥരാണ്. അതല്ലെങ്കിൽ പിന്നെ ഈ തിരഞ്ഞെടുപ്പുകൾക്ക് ഒരർത്ഥവുമില്ല.

ഒരു ജനാധിപത്യ സംവിധാനത്തിൽ ഭരിക്കാൻ നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥരേയും നിയമപാലനത്തിന്ന് നിയോഗിക്കപ്പെടുന്ന പോലീസിനേയും അനുസരിക്കാൻ ജനങ്ങൾ തയ്യാറായേ തീരൂ. അക്രമങ്ങൾക്ക് ജനാധിപത്യത്തിൽ ഒരു സ്ഥാനവുമില്ല. ജനങ്ങൾക്ക് ഇഷ്ടമുള്ളവരെ തിരഞ്ഞെടുക്കാൻ, അല്ലെങ്കിൽ തിരസ്കരിക്കാൻ, സ്വാതന്ത്ര്യമുള്ളപ്പോൾ പിന്നെ, അക്രമത്തിനെന്താണ് പ്രസക്തി? ❑

# മുതലാളിയുടെ വീട്ടുകാര്യം നോക്കുന്ന പോലീസ് മേധാവി

**ബ**ംഗാളിൽനിന്ന് കുറച്ചുകാലമായി ചീത്ത വാർത്തകളേ പുറത്തുവരുന്നുള്ളൂ. മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാര്യയുടെ അധികാരാരോഹണത്തിന്നുശേഷം ബംഗാളിൽ പ്രശ്നങ്ങളുടെ ഒരു വേലിയേറ്റംതന്നെ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇവയിൽ ഏറ്റവും ഗർഹണീയമായത്, ഒരു പോലീസ് മേധാവി ഒരു മുതലാളിക്കുവേണ്ടി നടത്തിയ ഹീനമായ പരാക്രമങ്ങളാണ്.

ഇതിന്റെ പശ്ചാത്തലം അറിഞ്ഞിരിക്കേണ്ടതാണ്. കൽക്കത്തയിലെ മാർവാഡി വ്യാപാരികളിലൊരാളായിരുന്നു അശോക് തോഡി. വെറുമൊരു കച്ചവടക്കാരനായിരുന്ന ഇയാൾ കഴിഞ്ഞ പത്തുകൊല്ലംകൊണ്ട് എടുത്തു വച്ചവണ്ണം വളർന്നു വലുതായി. ഇന്നയാൾ ഇരുന്നൂറുകോടി രൂപ മുതൽ മുടക്കുള്ള ഒരു ഹോസിയറി കമ്പനിയുടെ ഉടമയാണ്. ക്രിക്കറ്റ് വാതുവെപ്പു സംബന്ധിച്ച ഒരു കേസിൽ ഇയാൾ ഒരിക്കൽ കുടുങ്ങിയിട്ടുണ്ട്. പക്ഷെ പണക്കാരനാകയാൽ രക്ഷപ്പെട്ടു.

ഇന്ന് ഉന്നതതലങ്ങളിൽ പിടിപാടുള്ള ഒരാളാണിയാൾ. ക്രിക്കറ്റ് താരമായ സൗരവ് ഗാംഗൂലിയുടെ ജ്യേഷ്ഠൻ സ്നേഹാശിസ് ഗാംഗൂലി ഇയാളുടെ ബിസിനസ്സ് പങ്കാളിയാണ്. ബംഗാൾ ക്രിക്കറ്റ് അസോസിയേഷന്റെ ഭാരവാഹികളിലൊരാളാണ് ഈ സ്നേഹാശിസ്സ്.

കൽക്കത്ത പോലീസ് കമ്മീഷണറായ പ്രസൂന മൂക്കർജി ബംഗാൾ ക്രിക്കറ്റ് അസോസിയേഷന്റെ പ്രസിഡണ്ട് കൂടിയാണ്. കഴിഞ്ഞ തവണ പ്രസിഡണ്ട് സ്ഥാനത്തേക്ക് കടുത്ത മത്സരമായിരുന്നു. ജഗന്മോഹൻ ഡാൽമിയയായിരുന്നു എതിരാളി. മുഖ്യമന്ത്രി ബുദ്ധദേവ് പോലും ഇടപെട്ട ഒരു



പ്രസൂന മുക്കർജി

തിരഞ്ഞെടുപ്പായിരുന്നു അത്. പ്രസൂന മുക്കർജിയുടെ തിരഞ്ഞെടുപ്പു പ്രചരണത്തിന്നു പണം വാരിക്കോരി ചെലവാക്കിയത് തോഡിയാണെന്ന് ബംഗാൾ മരാമത്തു മന്ത്രി ക്ഷിതി ഗോസ്വാമി തന്നെ കുറ്റപ്പെടുത്തിയിരുന്നു. വെറുമൊരു വ്യാപാരിയായിരുന്ന തോഡി വെറും പത്തുകൊല്ലം കൊണ്ട് എങ്ങനെ കോടീശ്വരനായി എന്നന്വേഷിക്കണമെന്ന് ബംഗാൾ ട്രാൻസ്പോർട്ട് മന്ത്രി സുഭാഷ് ചക്രവർത്തിയും ആവശ്യപ്പെട്ടിരുന്നു. അങ്ങനെ നാനാവിധത്തിലും കുപ്രസിദ്ധിനേടിയ ഒരാളാണ് തോഡി. എന്നാൽ പണത്തിന്റെ തിളക്കത്തിൽ ചീത്തപ്പേരെല്ലാം നിഷ്പ്രഭമായി.

ഈ മുതലാളിയും കൽക്കത്തയിലെ പോലീസ് ഏമാന്മാരും തമ്മിലുള്ള കൂട്ടുകെട്ട് കഴിഞ്ഞ സെപ്തംമ്പറിൽ വലിയൊരു പൊട്ടിത്തെറിക്കിടയാക്കി. മുതലാളിയുടെ മകളുടെ പ്രേമകല്യാണമാണ് അതിന്നിടയാക്കിയത്.

ഒരു ദരിദ്ര മുസ്ലീംകുടുംബത്തിലെ അംഗമായിരുന്നു റിസ്വാൻ ഉർ റഹ്മാൻ. പഠിക്കാൻ മിടുക്കനായിരുന്ന റിസ്വാൻ ഹൈസ്കൂളിൽ റാങ്ക് വാങ്ങി പാസ്സായി; കോളേജിൽ ചേർന്നു. ഒരു സ്വകാര്യ

കമ്പനിയിലെ പ്യൂൺ ആയിരുന്ന അഛൻ മരിച്ചതിനെത്തുടർന്ന് കുട്ടികൾക്ക് ട്യൂഷൻ എടുത്താണ് റിസ്വാൻ പഠിപ്പിനുള്ള പണമുണ്ടാക്കിക്കൊണ്ടിരുന്നത്. കോളേജ് വിദ്യാഭ്യാസത്തിന്നു ശേഷം ഒരു ഗ്രാഫിക് ഡിസൈൻ കോഴ്സ് പൂർത്തിയാക്കിയ റിസ്വാൻ കൽക്കത്തയിലെ പ്രസിദ്ധമായൊരു സോഫ്റ്റ് വെയർ സെന്ററിൽ അധ്യാപകനായി ചേർന്നു. ഇതിന്നിടക്കാണ് മുതലാളിയായ തോഡിയുടെ മകൾ പ്രിയങ്കയും റിസ്വാനും പ്രമബദ്ധരായത്.

കഴിഞ്ഞ ഓഗസ്റ്റ് 18ന്ന് പ്രിയങ്കയും റിസ്വാനും സ്പെഷൽ മാര്യേജ് ആക്ട് അനുസരിച്ച് വിവാഹം രജിസ്റ്റർ ചെയ്തു. എന്നാൽ ആഗസ്റ്റ് 31ന്ന് വീടുവിട്ടിറങ്ങിയ ശേഷമേ പ്രിയങ്ക വിവാഹക്കാര്യം വീട്ടിൽ അറിയിച്ചുള്ളൂ. സ്വാഭാവികമായും അതൊരു ഭൂകമ്പത്തിന്നിടയാക്കി.

തോഡി ആദ്യം പ്രാദേശിക പോലീസിന്റെ സഹായമാണ് തേടിയത്. റിസ്വാന് 30 വയസ്സും പ്രിയങ്കക്ക് 23 വയസ്സുമുണ്ട്. പ്രായപൂർത്തിയായവർ നിയമപ്രകാരം വിവാഹിതരായതാണ്. ആ സ്ഥിതിക്ക് തങ്ങൾക്കിതിൽ ഒന്നും ചെയ്യാനാവില്ലെന്ന് പോലീസ് പറഞ്ഞു. പക്ഷെ തോഡി വിട്ടില്ല. അദ്ദേഹം പോലീസ് കമ്മീഷണർ പ്രസുന മൂക്കർജിയെ സമീപിച്ചു. അദ്ദേഹം ഡെപ്യൂട്ടി കമ്മീഷണർ ജ്ഞാനവസന്ത് സിങ്ങിനെ ചുമതലപ്പെടുത്തി; അദ്ദേഹമാകട്ടെ കുറ്റാന്വേഷണത്തിന്റെ ചുമതല വഹിക്കുന്ന ഡെപ്യൂട്ടി കമ്മീഷണറായ അജയകുമാറിനെ കാര്യം നടത്താൻ ചുമതലപ്പെടുത്തി പിന്നെ പോലീസിന്റെ സമ്മർദ്ദങ്ങൾ; ഭീഷണികൾ.......

അവസാനം സെപ്തംബർ 21ന്ന് ഉച്ചക്ക് റിസ്വാന്റെ മൃതദേഹം റെയിൽവേ ലൈനിൽ കണ്ടെത്തുന്നു; ആത്മഹത്യയെന്ന് പോലീസ്; കൊലപാതകമെന്ന് റിസ്വാന്റെ വീട്ടുകാരും നാട്ടുകാരും.

പോലീസിന്റെ ചെയ്തികളെ ന്യായീകരിച്ചുകൊണ്ട് പോലീസ് കമ്മീഷണർ നടത്തിയ പരാമർശം പോലീസിന്ന് ഇക്കാര്യത്തിലുള്ള ഉത്തരവാദിത്വം വ്യക്തമാക്കുന്നതായിരുന്നു. ''ഇരുപത്തിമൂന്നുകൊല്ലം മകളെ വളർത്തിയവരാണ് തോഡി കുടുംബക്കാർ. ഒരു ദിവസം ആ മകൾ അജ്ഞാതനായ ഒരാളുടെ കൂടെ പോയി ജീവിക്കാൻ തീരുമാനിച്ചാൽ അതംഗീകരിക്കാനാവില്ല. തോഡി കുടുംബത്തിന്റെ പ്രതികരണം സ്വാഭാവികമായിരുന്നു. റിസ്വാന്റെ സാമൂഹികവും ധനപരവുമായ പദവി തോഡിമാരുടേതിന് പൊരുത്തപ്പെടുന്നതല്ല'' എന്നാണ് പ്രസൂന മൂക്കർജി പറഞ്ഞത്. തീർന്നില്ല ഇത്തരം കേസുകൾ ഇതുമാതിരിതന്നെയാണ് പോലീസ് കൈകാര്യം ചെയ്യാറുള്ളതെന്നും, മേലിലും ഇങ്ങനെതന്നെ ചെയ്യണമെന്നും അദ്ദേഹം പറഞ്ഞത് ജനങ്ങളെ കൂടുതൽ ക്ഷോഭിപ്പിച്ചു.

ഈ കേസിൽ മുഖ്യമന്ത്രി ബുദ്ധദേവിന്റെ വിരലുകളും പൊള്ളി. റിസ്വാന്റെ മരണകാര്യം സി.ബി.ഐ. ക്ക് വിടണമെന്ന ആവശ്യം അദ്ദേഹം സ്വീകരിച്ചില്ല. പകരം സംസ്ഥാന പോലീസിന്റെ സി.ഐ.ഡി. ക്കാണ് കേസ് വിട്ടത്. അതിന്നും പുറമെ ഒരു ജൂഡീഷ്യൽ അന്വേഷണത്തിന്നും തീരുമാനിച്ചു. ജൂഡീഷ്യൽ അന്വേഷണമെന്നാൽ ഒരിക്കലും തീരാത്ത അന്വേഷണമെന്നാണർത്ഥം. തന്മൂലം റിസ്വാന്റെ ബന്ധുക്കൾ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചു. രേഖകൾ പരിശോധിച്ചപ്പോൾ, കേസന്വേഷണം ശരിയായ വഴിക്കല്ല പോകുന്നതെന്ന് ബോധ്യം വന്ന ഹൈക്കോടതി, കേസ് സി.ബി.ഐ.ക്കുവിടാൻ കല്പനയായി.

സംസ്ഥാന വനിതാ കമ്മീഷനും ഈ കേസിൽ നാണം കെട്ടു. അവർ വധിക്കപ്പെട്ട റിസ്വാന്റെ വീട്ടിലല്ല പോയത്, പരാതിക്കാരനായ തോഡിയുടെ വീട്ടിലാണ് അന്വേഷണത്തിന്നു പോയത്! ❑

# ചീത്തപ്പേരുമാത്രം മുതലായുള്ള ഇന്ത്യൻ പോലീസ് സേന

**- രമേശ് ഠാക്കൂർ -**

പൗരൻമാരെ സംരക്ഷിക്കുക എന്ന ഉത്തരവാദിത്വം ഒരു രാജ്യം നിറവേറ്റുന്നത് അവിടത്തെ രക്ഷാസേനകൾ വഴിയാണ്. ഇന്ത്യയിലെ രക്ഷാസേനകൾ മൂന്നാണ്. ഒന്നു പോലീസ്. അത് പാടെ അഴിമതി നിറഞ്ഞതും കാര്യക്ഷമതയില്ലാത്തതും പരക്കെ അവിശ്വസിക്കപ്പെടുന്നതുമാണ്. രണ്ടാമത്തേത് അർദ്ധ സൈനിക വിഭാഗങ്ങൾ. ഇവ കണ്ണിൽ ചോരയില്ലാത്തവയാണ്; ക്രൂരമാണ്; എല്ലാവരും ഇവയെ ഭയപ്പെടുന്നു. പക്ഷെ ഇടക്കുമാത്രമേ ഇവരെ രംഗത്തിറക്കൂ. മൂന്നാമത്തേത് സായുധ സേനയാണ്. തികഞ്ഞ അച്ചടക്കമുള്ള, കാര്യക്ഷമതയുള്ള, എല്ലാവരാലും ആദരിക്കപ്പെടുന്ന ഒന്നാണിത്. ഇതിൽ രാഷ്ട്രീയ ഇടപെടൽ ഇല്ലെന്നു പറയാം.

പൊതുമേഖലയിൽ കണ്ടുവരുന്ന അച്ചടക്കരാഹിത്യം പട്ടാളത്തേയും ബാധിച്ചുതുടങ്ങിയോ? കൽക്കത്തയിൽ കഴിഞ്ഞ നവവത്സര ആഘോഷവേളയിൽ ചില പട്ടാളക്കാർ തോന്നിവാസം കാണിക്കുകയും പോലീസ് അവരെ കസ്റ്റഡിയിലെടുക്കുകയുമുണ്ടായി. മറ്റ് പട്ടാളക്കാർ ഇവരെ ബലമായി മോചിപ്പിക്കുകയും പോലീസ് സ്റ്റേഷൻ തല്ലിത്തകർക്കുകയും ചെയ്തു.

ദൽഹിക്കടുത്ത നോയ്ഡയിൽ കുട്ടികളെ തട്ടിക്കൊണ്ടുപോയി കൊന്നുകളഞ്ഞ കേസന്വേഷിക്കാൻ പോലീസ് വൈമുഖ്യം കാണിച്ചതിനെത്തുടർന്ന് ജനങ്ങൾ പോലീസിനെ ആക്രമിച്ചു. അന്നൊരു മന്ത്രി പറഞ്ഞത്, കുട്ടികളെ റാഞ്ചുന്നതുപോലുള്ള നിസ്സാരകാര്യങ്ങൾ ഇടക്കൊക്കെ സംഭവിക്കാറുള്ളതാണ് എന്നാണ്. മൂന്നുകൊല്ലത്തിന്നിടയിൽ അവിടെ കാണാതായത് 38 കുട്ടികളാണ്. അതിൽ 22 പേർ ലൈംഗിക പീഡനത്തിൽ കൊല്ലപ്പെട്ടു. ഇത് നിസ്സാരം! പതിവുള്ളത്! ഇറാഖിലെ സംഭവങ്ങൾ ഇന്ത്യയിലുമുണ്ടാകുന്നു!

പോലീസിന്റെ അച്ചടക്ക രാഹിത്യവും നാണക്കേടും പോലെത്തന്നെ ശ്രദ്ധേയമാണ് ജനങ്ങൾക്കുള്ള അവിശ്വാസവും ഭയവും. പോലീസ് പാവങ്ങൾക്കും സ്ത്രീകൾക്കും മുസ്ലീമുകൾക്കും ദളിതർക്കും എതിരാണെന്ന് പരക്കെ വിശ്വസിക്കപ്പെടുന്നു. അഴിമതി സാർവ്വത്രികമാണെന്നതുപോലെത്തന്നെ മൂന്നാംമുറ പ്രയോഗവും സർവ്വസാധാരണമാണ്.

സമാധാനപരമായും സുരക്ഷിതമായും പണിയെടുക്കാനും ജീവിക്കാനുമുള്ള ഒരു പൗരന്റെ അവകാശം സംരക്ഷിക്കപ്പെടേണ്ടതുണ്ട്. സമൂഹത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവുമായ ക്ഷേമത്തിന്ന് ഇത് അടിസ്ഥാനപരമായ ആവശ്യമാണ്. നിയമവാഴ്ച നടപ്പാക്കുക, വ്യക്തികളുടെ അവകാശങ്ങൾ സംരക്ഷിക്കുക, ക്രമസമാധാന പ്രശ്നങ്ങൾ ഏറ്റവും കുറഞ്ഞ ബലപ്രയോഗത്തിലൂടെ പരിഹരിക്കുക എന്നിവയാണ് ഒരു ജനാധിപത്യ സംവിധാനത്തിൽ പോലീസിന്റെ ധർമ്മങ്ങൾ. പുരോഗമനാത്മകമായ സമൂഹങ്ങളിൽ പോലീസ് ജനങ്ങളുടെ സേവകരാണ്; എന്നാൽ ഇന്ത്യൻ പോലീസ് ജനങ്ങളുടെ യജമാനൻമാരായിട്ടാണ് പ്രവർത്തിക്കുന്നത്. ഒരു സാധാരണ പോലീസുകാരനെ ജനങ്ങൾ വെറുപ്പോടെ വീക്ഷിക്കുന്നു; കണ്ടവരിൽനിന്നെല്ലാം കൈക്കൂലി വാങ്ങുന്ന അല്പന്മാരായി അവർ കരുതപ്പെടുന്നു. ജനങ്ങളിൽ നിന്നൊരു സഹകരണവും പോലീസിനു ലഭിക്കാറില്ല.

പോലീസ് തന്നെ കുറ്റകൃത്യങ്ങൾ ചെയ്യുന്നവരായിട്ടാണ് മിക്കവരും കരുതുന്നത്. ക്രിമിനലുകളെ സംരക്ഷിക്കുക, ക്രിമിനലുകൾക്കെതിരായി പരാതി രജിസ്റ്റർ ചെയ്യാൻ വിസമ്മതിക്കുക, പരാതി പറയുന്നവർക്കെതിരെ കള്ളക്കേസെടുക്കുക, കേസന്വേഷണത്തിന്റെ ഭാഗമായി മർദ്ദിക്കുക, നിയമവിരുദ്ധമായി ലോക്കപ്പിലിടുക എന്നിവയെല്ലാമാണ് പോലീസിന്റെ തൊഴിലെന്ന് ജനങ്ങൾ കരുതുന്നു. സാധാരണക്കാരാരെങ്കിലും പോലീസിന്റെ സഹായം തേടി ചെന്നാൽ, കൈക്കോഴ നൽകേണ്ടി വരും; കൊടുത്തില്ലെങ്കിൽ പിടിച്ചുവാങ്ങും.

അഭിഭാഷകനായിരുന്ന, എന്റെ പരേതനായ പിതാവ് ഒരിക്കൽ പറഞ്ഞത് ഓർത്തുപോകുന്നു. ഒരു പോലീസ് സ്റ്റേഷന്റെ പരിധിയിൽ പെട്ട പ്രദേശത്ത് കുറ്റകൃത്യങ്ങളൊന്നും ഉണ്ടാകുന്നില്ലെങ്കിൽ, പോലീസുകാരുടെ പ്രധാന പണി എന്തെങ്കിലും കുറ്റകൃത്യം ഉണ്ടാക്കുകയാണ്; എന്നാലെ എല്ലാവരിൽ നിന്നും പണം പിടുങ്ങാൻ പറ്റൂ.

വിഭാഗീയവും രാഷ്ട്രീയവുമായ അക്രമങ്ങൾ വർധിച്ചതിനാൽ പോലീസിന്റെ പണി കൂടുതൽ വിഷമകരവും ആപൽക്കരവുമായിട്ടുണ്ട്. പോലീസിന്ന് ഇന്ന് വളരെ കരുതലോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഇന്നു ലാത്തിയടിയേൽക്കുന്നവൻ നാളെ മന്ത്രിയായി വന്നുവെന്നു വരാം; ജാതീയ സംഘട്ടനങ്ങളിൽ നിസ്സംഗത പാലിക്കാനാവില്ല; അതേസമയം അതിരുകവിഞ്ഞൊന്നും ചയ്യാനും പാടില്ല; പക്ഷം പിടിച്ചുവെന്ന തോന്നലുണ്ടാകാതെ നോക്കണം.

രാഷ്ട്രീയം നിയമവാഴ്ചയെയാകെ ദുഷിപ്പിച്ചിരിക്കുന്നു. ഭരണാധികാരികൾ തങ്ങളുടെ രാഷ്ട്രീയ പ്രതിയോഗികൾക്കെതിരെ കള്ളക്കേസ് എടുപ്പിക്കും; അതേസമയം വേണ്ടപ്പെട്ടവർക്കെതിരായ കേസിന്ന് തെളിവില്ലാതാക്കും. ഇന്ത്യയിൽ ചിലയിടത്ത് ഇതൊരു സ്ഥിരം ഏർപ്പാടായിട്ടുണ്ട്. പോലീസിലെ നിയമനം, പ്രമോഷൻ, ട്രാൻസ്ഫർ എന്നിവക്കെല്ലാം വില നിശ്ചയിച്ചിട്ടുണ്ട്. കൊടുക്കുന്നവർക്കും വാങ്ങുന്നവർക്കും അതെത്രയാണെന്ന് കൃത്യമായറിയാം. ഏതെങ്കിലും പോലീസുകാരൻ അധികാരികളുടെ ഇഷ്ടമനുസരിച്ച് പ്രവർത്തിക്കാൻ കൂട്ടാക്കാതിരുന്നാൽ അവരെ ഏതെങ്കിലും ഓണംകേറാമൂലയിലേക്ക് സ്ഥലം മാറ്റും; അല്ലെങ്കിൽ പുല്ലുവലിക്കാനോ മറ്റോ നിയോഗിക്കും. നേരെ മറിച്ച്, പറഞ്ഞാൽ കേൾക്കുന്നവർക്ക് ലാഭകരമായ സ്ഥാനങ്ങളിൽ നിയമനം ലഭിക്കും; വേഗംവേഗം പ്രമോഷൻ കിട്ടും.

രാഷ്ട്രീയക്കാർ, ക്രിമിനലുകൾ, പോലീസുകാർ എന്നിവർ തമ്മിൽ ഒരവിശുദ്ധ കൂട്ടുകെട്ട് നിലവിലുണ്ട്. ക്രിമിനലുകൾ രാഷ്ട്രീയത്തിലും രാഷ്ട്രീയക്കാർ ക്രിമിനൽ പ്രവൃത്തികളിലും വന്നടുക്കുന്നത് അങ്ങനെയാണ്. ഇന്നത്തെ ബീഹീറിലെ സ്ഥിതി, നാളെ ഇന്ത്യയിലാകെ പടർന്നാൽ ഈശ്വരനുപോലും ഈ രാജ്യത്തെ രക്ഷിക്കാനാവില്ല. രാഷ്ട്രീയ മേധാവിമാരുടെ മുന്നിൽ എലിയെപ്പോലെ പരുങ്ങുന്ന പോലീസുകാർ, സാധാരണ പൗരൻമാരുടെ മേൽ പുലിയെപ്പോലെ ചാടി വീഴും. ചിലേടത്ത് ചില ജനവിഭാഗങ്ങൾക്കാകെ പോലീസിലുള്ള വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. ഉദാഹരണത്തിന്ന് ഗുജറാത്തുണ്ട്. 2002 ൽ ഹിന്ദുക്കളായ അക്രമികൾ മുസ്ലീമുകളെ വേട്ടയാടിയപ്പോൾ പോലീസ് കയ്യുംകെട്ടി കാഴ്ചക്കാരായി നിൽക്കുകയാണുണ്ടായത്.

പോലീസ് സംവിധാനത്തിൽ പരിഷ്കരണം അത്യന്താപേക്ഷിതമായിരിക്കുന്നു. ആദ്യം തന്നെ അവർക്ക് കൂടുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസവും പരിശീലനവും നൽകണം; അവർക്ക് അച്ചടക്കമുണ്ടാക്കണം; അവരുടെ ശമ്പളം കൂട്ടണം; യോഗ്യതനോക്കി അവർക്ക് പ്രമോഷൻ നൽകണം. ഇക്കാര്യങ്ങളി ⇨

# കേസിൽനിന്ന് തലയൂരാൻ ബച്ചന്റെ വിക്രിയകൾ

യു.പി.യിലെ ബഡാബങ്കി ജില്ലയിലെ ഒരു ഓണംകേറാമൂലയായ ദൗലത്ത് പൂരിൽ കഷ്ടിച്ച് ഒരേക്കർ ഭൂമി കൈവശപ്പെടുത്തിയ പ്രസിദ്ധ സിനിമാ താരമായ അമിതാഭ് ബച്ചൻ ഇപ്പോൾ ആ പുലിവാലിൽനിന്ന് രക്ഷപ്പെടാൻ മാർഗ്ഗം തേടിക്കൊണ്ടിരിക്കുകയാണ്. ഈ ഭൂമി സർക്കാരിന്ന് തിരിച്ചു നൽകാമെന്നും, ഈ ഭൂമി സംബന്ധിച്ച് സിവിലായോ ക്രിമിനലായോ മറ്റുതരത്തിലോ ഉള്ള കേസുകളിൽ നിന്നെല്ലാംതന്നെ ഒഴിവാക്കിത്തരണമെന്നും അപേക്ഷിച്ചുകൊണ്ട് ബച്ചൻ ഒക്ടോബർ 12ന്ന് അല്ലാഹാബാദ് ഹൈക്കോടതിയുടെ ലഖ്നൗ ബഞ്ചിൽ ഒരു ഹരജി സമർപ്പിച്ചിട്ടുണ്ട്.

ദൗലത്ത്പൂരിൽ തനിക്ക് ഭൂമിയുണ്ടെന്ന് അവകാശപ്പെട്ടുകൊണ്ട് ബച്ചൻ കുറച്ചുകാലംമുമ്പ് കോടതി യിൽ ചില രേഖകൾ ഹാജരാക്കി യിരുന്നു. പക്ഷെ അത് കള്ള രേഖയാണെന്ന് സർക്കാർ വക്കീൽ വാദിച്ചു. ഇതിനെത്തുടർന്ന് തന്റെ ഭൂമി ഗ്രാമസഭയ്ക്ക് തിരിച്ചു നൽകാമെന്ന് ബച്ചൻ പ്രഖ്യാപിച്ചു. പക്ഷെ ഗവർമ്മേണ്ട് അതു സ്വീകരിച്ചില്ല. ഒരാൾ ഒരു ഭൂമി തിരിച്ച് തരുന്നതിന്നു മുമ്പ്, ആ ഭൂമി സ്വന്തം ഭൂമിയാണെന്ന് തെളിയിക്കേണ്ടതുണ്ടെന്ന് ഗവർമ്മേണ്ട് വാദിച്ചു.

ഈ ഘട്ടത്തിൽ രണ്ടു ശുക്ലാ സഹോദരന്മാരെ ബച്ചൻ രംഗത്തിറക്കി. താൻ ഈ ശുക്ലമാർക്ക് മുക്ത്യാർ നൽകിയിരുന്നുവെന്നും അവർ ആ അധികാരം ദുരുപയോഗപ്പെടുത്തിയതാണെന്നും ബച്ചൻ വാദിച്ചു. ഈ ശുക്ലമാർക്കെതിരായി ബച്ചൻ മഹാരാഷ്ട്ര ആഭ്യന്തര കാര്യ മന്ത്രി ആർ.ആർ. പാട്ടീലിന്ന് ഒരു പരാതിയും നൽകി. ഇതിനെത്തുടർന്ന് മഹാരാഷ്ട്ര പോലീസ് ശുക്ലമാരേയും തേടി യു.പി. യിൽപോയി. എന്നാൽ അതു നിഷ്ഫലമാകുകയാണ് ചെയ്തത്. ശുക്ലമാരെ കണ്ടെത്താനാ യില്ല.

ബച്ചൻ ഹാജരാക്കിയ രേഖ വ്യാജരേഖയാണെന്ന് വാദിച്ചുവന്നിരുന്ന ഗ്രാമസഭ പെട്ടെന്നു നിലപാട് മാറ്റുകയും, ഭൂമി തിരിച്ചുകിട്ടിയാൽ പിന്നെ തങ്ങൾക്ക് പരാതിയില്ലെന്ന് കോടതിയെ അറിയിക്കുകയും ചെയ്തു. പക്ഷെ സർക്കാർ വക്കീൽ എതിർത്തു. ഗ്രാമസഭക്ക് ഇതിൽ കാര്യമൊന്നുമില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഭൂമി സർക്കാരിന്റേതാണ്; മാത്രമല്ല അത് ബച്ചന്റേതാക്കി കാണിച്ചത് കൃത്രിമമായാണെന്ന് സർക്കാർ രേഖകൾതന്നെ തെളിയിക്കുന്നുമുണ്ടെന്ന് വക്കീൽ ഓർമ്മിപ്പിച്ചു.

ഈ ഘട്ടത്തിൽ ദൗലത്ത്പൂരിലെ പഴയൊരു ജമീന്ദാരായ രാമചന്ദ്ര സിങ്

---

ലൊക്കെ ഇന്ത്യൻ പോലീസിന്റെ സ്ഥിതി എത്ര മോശമാണെന്നോർക്കുമ്പോൾ അന്തംവിട്ടു പോകുന്നു.

രണ്ടാമത്, രാഷ്ട്രീയ ഇടപെടലുകളിൽ നിന്ന് പോലീസിനെ വിമുക്തമാക്കണം. പോലീസിനെ സ്വതന്ത്രമായൊരു സിവിലിയൻ നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവരണം പോലീസിന്നെതിരായ സാധാരണ പരാതികൾ പരിശോധിക്കാൻ ഒരു ഓംബുഡ്സ്മാനും ഗുരുതരമായ കേസുകൾ കേൾക്കാൻ ഒരു അഥോറിറ്റിയും ഉണ്ടാക്കണം. ❑

രംഗ പ്രവേശം ചെയ്തു. താൻ ഈ ഭൂമി ബച്ചന്റെ അമ്മാമനായ സാലിക് റാമിന്ന്, അയ്യായിരം രൂപ വില പറഞ്ഞ് കൈമാറിയിരുന്നുവെന്ന് അദ്ദേഹം കോടതിയിൽ സമർപ്പിച്ച ഒരു സത്യവാങ്ങ്മൂലത്തിൽ പറഞ്ഞു. പക്ഷെ അതിന്നു രേഖയില്ലെന്നല്ല, പണം വാങ്ങിയിരുന്നുമില്ല. 60 കൊല്ലം മുമ്പ് ജമീന്ദാരീ സമ്പ്രദായം നിർത്തലാക്കുന്നതിന്നുമുമ്പു നടന്ന ഇടപാടാണിതെന്നും, അന്ന് ഭൂമി കൈമാറ്റം രജിസ്റ്റർ ചെയ്യേണ്ട കാര്യമില്ലായിരുന്നുവെന്നും അദ്ദേഹത്തിന്റെ വക്കീലായ ഉമാ ശങ്കർ വാദിക്കുന്നു. ഏതായാലും 5000 ക. കയ്യിൽ തന്നാൽ ഇടപാട് പൂർത്തിയാക്കാമെന്നാണ് മുൻ ജമീന്ദാർ പറയുന്നത്.

ഏതായാലും രേഖയൊന്നുമില്ലാത്തതിനാൽ ജമീന്ദാറിന്റെ വാദം പരിഗണിക്കേണ്ടതില്ല. പിന്നെയുള്ളത്, അമിതാഭ് ബച്ചന്ന് ഇങ്ങനെയൊരു അമ്മാമൻ ഉണ്ടായിരുന്നുവോ എന്നതാണ്. ഇക്കാര്യത്തെപ്പറ്റി സംസാരിക്കാൻ തന്നെ ബച്ചൻ വിസമ്മതിക്കുന്നു. ബച്ചന്റെ അവകാശവാദമനുസരിച്ച് 1982 നവമ്പറിലാണ് ഈ ഭൂമി ബച്ചന്ന് അനുവദിച്ചത്. അങ്ങനെയാണെങ്കിൽ ഈ ജമീന്ദാർ കഴിഞ്ഞ 25 കൊല്ലക്കാലം എന്തു ചെയ്യുകയായിരുന്നുവെന്ന് തീരുമാനിക്കേണ്ടിവരും.

ഈ വഴിക്ക് അന്വേഷണം തുടരാനാകാത്ത സ്ഥിതിക്ക് ശുക്ലമാരെക്കുറിച്ച് അന്വേഷിക്കാം. ദൗലത്ത്പൂരിലെ ഭൂമിയിടപാടിന്ന് താൻ ശുക്ലമാർക്ക് മുക്ത്യാർ എഴുതിക്കൊടുത്തുവെന്നും, അവർ അധികാരം ദുരുപയോഗപ്പെടുത്തിയെന്നുമാണ് ബച്ചന്റെ ഇപ്പോഴത്തെ ആക്ഷേപം. ഇത് വെറും ആക്ഷേപമല്ല മഹാരാഷ്ട്ര ആഭ്യന്തരകാര്യമന്ത്രി ആർ. ആർ. പട്ടീലിന്ന് 18-07-2007 ന്ന് രേഖാമൂലം പരാതി സമർപ്പിച്ചിട്ടുമുണ്ട്. ഈ പരാതി പ്രകാരമാണ് പോലീസ് ശുക്ലമാരെ തേടി പോയത്.

പക്ഷെ ഈ പരാതിക്ക് ഒരാഴ്ച മുമ്പ് ബച്ചൻ ഇതേ ശുക്ലമാർ മുഖേന ദൗലത്ത്പൂരിൽ എട്ടുലക്ഷം രൂപക്ക് വേറൊരു ഭൂമിവാങ്ങിയിട്ടുമുണ്ട്! അപ്പോൾ ബച്ചനും ശുക്ലമാരും തമ്മിൽ തർക്കമോ വഴക്കോ ഇല്ലെന്നു വരുന്നു. അതേ സമയം ബച്ചൻ ഋഷികേശ് യാദവ് എന്നൊരാൾക്ക് പുതിയൊരു മുക്ത്യാർ എഴുതിക്കൊടുത്തിട്ടുമുണ്ട്.

ബച്ചന്റെ തന്ത്രങ്ങളെല്ലാം പൊളിഞ്ഞുപോയത് സത്യസന്ധനായ ഒരു ഉദ്യോഗസ്ഥൻ മൂലമായിരുന്നു. പൂനക്കടുത്ത ലോനവാലയിൽ ബച്ചൻ കുറെ ഭൂമി വാങ്ങിയിരുന്നു. മഹാരാഷ്ട്രത്തിലെ നിയമം പ്രകാരം, കർഷകന്നു മാത്രമേ ഭൂമി വിൽക്കാൻ പാടുള്ളൂ. ബച്ചനെ കർഷകനാക്കാൻ എന്താണ് വിദ്യയെന്ന് ശിങ്കിടികൾ ആലോചിച്ചു. അന്നു ബച്ചന്റെ സുഹൃത്തായ മുലായം സിങ് യാദവായിരുന്നു യു.പി. യിലെ മുഖ്യമന്ത്രി. അതുകൊണ്ട് യു.പി.യിലെ ഒരു ഓണം കേറാമൂലയിലെ ഒരു വില്ലേജ് ഓഫീസിലെ രേഖകളിൽ കൃത്രിമം കാണിച്ച് ബച്ചനെ കർഷകനാക്കി.

ബച്ചന്റെ ഈ കർഷകാവതാരത്തിന്റെ രേഖ പൂനയിൽ എത്തിച്ചപ്പോൾ, ഉദ്യോഗസ്ഥന്മാർ അത് സ്വാഭാവികമായും ബഡാബങ്കി കലക്ടർക്ക് അയച്ചുകൊടുത്തു. ബഡാബങ്കി കലക്ടർ സൂക്ഷ്മ പരിശോധന നടത്തിയപ്പോഴാണ് രേഖകളിൽ കൃത്രിമം കാണിച്ചിരിക്കുന്നതായി കണ്ടെത്തിയത്. സത്യസന്ധനായ കലക്ടർ വില്ലേജ് ഓഫീസിൽ കൃത്രിമം കാണിച്ചവരെ സസ്പെന്റ് ചെയ്തതോടെ ബച്ചൻ കുഴിയിൽ വീണു. ഈ കുഴിയിൽ നിന്നും രക്ഷപ്പെടാനുള്ള പരാക്രമങ്ങളാണിപ്പോൾ അദ്ദേഹം കാട്ടിക്കൂട്ടുന്നത്. യു.പി. യിൽ ഇപ്പോൾ മായാവതിയാണ് മുഖ്യമന്ത്രി. അതുകൊണ്ടു തന്നെ യു.പി. ഗവർമ്മേണ്ട് ഈ കൃത്രിമ രേഖാ നിർമ്മാണം കേസാക്കിയിട്ടുണ്ട്.

❑

# അർജന്റിനയിലും വനിതാപ്രസിഡന്റ്

ലാറ്റിനമേരിക്കയിൽ ബൊളീവിയക്കും ചിലിക്കും ശേഷം അർജന്റിനയിലും ഒരു വനിത പ്രസിഡണ്ടാകുന്നു. ഒക്ടോബറിൽ നടന്ന തിരഞ്ഞെടുപ്പിൽ ക്രിസ്റ്റിനാ കിർച്ചനർ മറ്റൊരു വനിതാ സ്ഥാനാർത്ഥിയായ എലിസാ കാരിയോവിനെ തോല്പിച്ചു.

നിലവിലുള്ള പ്രസിഡണ്ടിന്റെ ഭാര്യ എന്ന നിലക്കുള്ളതല്ല ക്രിസ്റ്റിനയുടെ ജനപിന്തുണ. സ്വന്തം നിലക്കു തന്നെ അവരൊരു നേതാവാണ്. 1989ലും 93 ലും സാന്താക്രൂസ് നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിരുന്ന അവർ 1995 ൽ പാർലിമെന്റിന്റെ ഉപരിസഭ (സെനറ്റ്)യിലേക്കും 1997 ൽ ജനപ്രതിനിധി സഭയിലേക്കും തിരഞ്ഞെടുക്കപ്പെട്ടിരുന്നു. ഇപ്പോൾ അവർ സെനറ്റ് അംഗമാണ്.


ക്രിസ്റ്റീന

ഏതാണ്ട് ഇന്ത്യയോളം വലുപ്പം വരുന്ന ഒരു മഹാരാജ്യമാണ് അർജന്റീന; എന്നാൽ അവിടത്തെ ജനസംഖ്യ നാല് കോടി മാത്രമാണ്. സ്പെയിനിൽനിന്ന് കുടിയേറി പാർത്തവരുടെ പിൻഗാമികാളാണ് ജനങ്ങളിൽ 80 ശതമാനവും.

വളരെ കലുഷമായ രാഷ്ട്രീയ ചരിത്രമാണ് അർജന്റിനയുടേത്. കലാപങ്ങളും പട്ടാള വിപ്ലവങ്ങളും ഇടക്കിടെ സംഭവിക്കാറുള്ള അർജന്റിനയിൽ 1983 ലാണ് ജനാധിപത്യം സുസ്ഥാപിതമായത്. നാണ്യപ്പെരുപ്പവും തൊഴിലില്ലായ്മയും മൂലം സാമ്പത്തികമായി തകർന്നുകിടന്നിരുന്ന അവസരത്തിൽ, 2003ലാണ് കിർച്ചനർ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടത്. നാലുകൊല്ലത്തെ സമർത്ഥമായ ഭരണകൊണ്ട് അദ്ദേഹം നാടിനെ കരകയറ്റി.

1974 ൽ പ്രസിഡണ്ട് പെറോൺ മരിച്ചതിനെത്തുടർന്ന് അദ്ദേഹത്തിന്റെ മൂന്നാമത്തെ ഭാര്യയായ ഇസാബെൽ പ്രസിഡണ്ടായി സ്ഥാനമേറ്റിരുന്നു. പക്ഷെ അവർ തിരഞ്ഞെടുപ്പിലൂടെ പ്രസിഡണ്ടായതല്ല; 1976ലെ പട്ടാള വിപ്ലവത്തിൽ അവർ പുറത്താക്കപ്പെടുകയും ചെയ്തു.

എന്നാൽ പെറോണിന്റെ രണ്ടാമത്തെ ഭാര്യയായിരുന്ന എവിറ്റ അർജന്റിനക്കാരുടെ കാണപ്പെട്ട ദൈവമാണ്. വിപ്ലവാത്മകമായ ഒട്ടേറെ പരിഷ്കാരങ്ങൾ നടപ്പാക്കാൻ പെറോണിനെ പ്രേരിപ്പിച്ചത് അവരാണ്. എന്നാൽ 33-ാം വയസ്സിൽ അർബുദം മൂലം അവർ മരിച്ചു.

ഈ തിരഞ്ഞെടുപ്പിൽ 45 ശതമാനം വോട്ടുനേടി ജയിച്ച ക്രിസ്റ്റിനയെ അർജന്റിനക്കാർ എവിറ്റയുടെ അവതാരമായിട്ടാണ് കണക്കാക്കുന്നത്.

# കാലാവസ്ഥാ പ്രതിരോധത്തിന്ന് നോബൽ സമ്മാനം

കാലാവസ്ഥാ വ്യതിയാനം തടയാൻ അക്ഷീണയത്നം നടത്തിവരുന്ന അമേരിക്കൻ നേതാവായ അൽഗോറേക്കും ഐക്യരാഷ്ട്ര സമിതിക്കും സമാധാനത്തിനുള്ള ഇക്കൊല്ലത്തെ നോബൽ സമ്മാനം നൽകപ്പെട്ടു. അൽഗോറെയുടെ രാഷ്ട്രീയ പ്രവർത്തനംതന്നെ കാലാവസ്ഥാ സംരക്ഷണവുമായി അഭേദ്യമാംവണ്ണം ബന്ധപ്പെട്ടിരിക്കുന്നു. പണ്ട് അമേരിക്കയിലെ രാഷ്ട്രീയ പ്രതിയോഗികൾ ഇദ്ദേഹത്തെ ''ഓസോൺദിവ്യൻ'' എന്നുപറഞ്ഞാണ് കളിയാക്കാറുള്ളത്.

ഇരുപത്തഞ്ചുകൊല്ലം മുമ്പുതന്നെ അൽഗോറെ കാലാവസ്ഥാ വ്യതിയാന രംഗത്ത് പ്രവർത്തന മാരംഭിച്ചിരുന്നു. 1982ൽ അമേരിക്കൻ ജനപ്രതിനിധിസഭ ഹരിത ഗൃഹപ്രശ്നം ചർച്ചക്കെടുത്തതുതന്നെ അൽഗോറെയുടെ ശ്രമഫലമായാണ്. മനുഷ്യന്റെ നാനാവിധ പ്രവർത്തനങ്ങൾ എങ്ങനെ കാലാവസ്ഥയെ ബാധിക്കുന്നുവെന്ന് അന്ന് പ്രഗത്ഭശാസ്ത്രജ്ഞനായ ഡോ. ഹാൻസെൻ ജനപ്രതിനിധിസഭയെ ബോധ്യപ്പെടു ത്തുകയുണ്ടായി.

1989ൽ അമേരിക്കൻ സെനറ്റ് മുമ്പാകെ തെളിവുനൽകാൻ ഡോ. ഹാൻസെൻ തയ്യാറായി. അന്ന് അമേരിക്കയിലെ നിക്ഷിപ്ത താൽപര്യക്കാർ സമ്മർദ്ദം ചെലുത്തുകയും ഡോ. ഹാൻസന്റെ തെളിവുകളിൽ വെള്ളം കൂട്ടാൻ നിർബ്ബന്ധിക്കുകയും ചെയ്തു. എന്നാൽ അൽഗോറെ ഇടപെട്ട് സെനറ്റിൽ സ്വാഭിപ്രായം പറയാൻ ഡോ. ഹാൻസെന്ന് അവസര മുണ്ടാക്കിക്കൊടുത്തു.

ക്ലിന്റൺ ഭരണകാലത്ത് വൈസ് പ്രസിഡണ്ടായിരുന്ന ഗോറെ 2000ൽ



അൽഗോറെ

പ്രസിഡണ്ട് സ്ഥാനത്തേക്ക് മത്സരിച്ചുവെങ്കിലും, തിരഞ്ഞെടുപ്പു കൃത്രിമത്തിലൂടെ ബുഷ് ജയിച്ചു പോന്നു. അതിന്നു ശേഷമുള്ള പ്രവർത്തനങ്ങൾക്കിടയിലാണ് ''അസൗകര്യപ്രദമായ ഒരു സത്യം'' എന്ന പ്രസിദ്ധ ഡോക്കുമെന്ററി അദ്ദേഹം നിർമ്മിച്ചത്. ഇക്കൊല്ലം ഈ ഡോക്കുമെന്ററിക്ക് ഓസ്കാർ അവാർഡ് ലഭിക്കുകയുണ്ടായി. (ഈ ഡോക്കുമെന്ററി സംബന്ധിച്ച വിശദ വിവരങ്ങൾക്ക് കഴിഞ്ഞ ഫെബ്രുവരി ലക്കം ജനനീതി നോക്കുക)

കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും വിവരങ്ങൾ ശേഖരിച്ച് അഞ്ചുകൊല്ലം കൂടുമ്പോൾ ആധികാരികമായൊരു പഠനറിപ്പോർട്ട് തയ്യാറാക്കി ലോകരാഷ്ട്രങ്ങൾക്ക് നൽകുകയാണ് ഐക്യരാഷ്ട്രസമിതി ചെയ്തുവരുന്നത്. ഇതിന്നായി 1988ൽ ഒരു ഇന്റർഗവർമ്മേണ്ടൽ കമ്മിറ്റി രൂപീകരിച്ചിരുന്നു. ഇന്ത്യക്കാരനായ ഡോ. ആർ.കെ. പച്ചൗരിയാണ് ഈ കമ്മിറ്റിയുടെ ചെയർമാൻ. അറുനൂറിൽ പരം വിദഗ്ധരുടെ സഹായത്തോടെയാണ് കമ്മിറ്റി പഠനറിപ്പോർട്ട് തയ്യാറാക്കുന്നത്.

മലിനീകരണപ്രശ്നംപോലെയല്ല കാലാവസ്ഥാ വ്യതിയാനപ്രശ്നമെന്ന് ഡോ. ഹാൻസെൻ ചൂണ്ടിക്കാട്ടുന്നു. മലിനീകരണമുണ്ടെന്നുകണ്ടാൽ അതിന്നു പരിഹാരമുണ്ടാക്കാം; അതോടെ പ്രശ്നംതീർന്നു. കാലാവസ്ഥാ വ്യതിയാനം സംഭവിച്ചു കഴിഞ്ഞശേഷം ഒന്നും ചെയ്യാനാവില്ല. നേരെമറിച്ച് ആ വ്യതിയാനംതന്നെ പുതിയ വ്യതിയാനത്തിന്ന് കാരണമാകും. അതിനാൽ കാലാവസ്ഥാ വ്യതിയാനം ഉണ്ടാകുന്നത് തടയുകയാണ് പരിഹാരമാർഗ്ഗം.

അതുപോലെ കാലാവസ്ഥാ വ്യതിയാനം ഒരു രാജ്യത്തിലോ ഒരു ഭൂഖണ്ഡത്തിലോആയി തടഞ്ഞിടാനും ആവില്ല. നേരെമറിച്ച് യഥാർത്ഥമായും ഒരു ആഗോളപ്രതിഭാസമാണിത്. മഞ്ഞുരുകി കടൽനിരപ്പ് ഉയർന്നാൽ, എല്ലായിടത്തും ജലനിരപ്പ് ഉയരും; കൊടുങ്കാറ്റുകൾ എല്ലായിടത്തും നാശം വിതക്കും; താപവർധന മൂലം ഉണ്ടാകുന്ന വരൾച്ച എല്ലായിടത്തും അനുഭവപ്പെടും.

കാലാവസ്ഥാ വ്യതിയാനത്തിന്റെ ഉത്തരവാദിത്വത്തിൽനിന്ന് ഒരു വ്യക്തിക്കും ഒഴിഞ്ഞുമാറാനാവില്ല; നേരെമറിച്ച്, കാലാവസ്ഥാ വ്യതിയാനം ഒഴിവാക്കുന്നതിന്ന് ഓരോ വ്യക്തിക്കും എന്തെങ്കിലും ചെയ്യാനാകും. അൽഗോറെ ഇതിന്റെ ഒരു പട്ടികതന്നെ നൽകുന്നുണ്ട് –

1) വീട്ടിൽ ബൾബിന്നു പകരം ട്യൂബ് ലൈറ്റിടുക

2) മോട്ടോർ വാഹനം ഉപയോഗിക്കുന്നത് കുറക്കുക

3) പാഴ്വസ്തുക്കൾ പുന:ചംക്രമണത്തിന്ന് വിധേയമാക്കുക

4) വാഹനത്തിന്റെ ടയറിൽ നിറച്ചു കാറ്റുണ്ടെന്ന് ഉറപ്പുവരുത്തുക; എന്നാൽ കുറച്ച് ഇന്ധനംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കാം

5) ചൂടുവെള്ളത്തിന്റെ ഉപയോഗം കുറക്കുക

6) ലഘുവായ പാക്കേജിങ് ഉള്ള സാധനങ്ങൾ വാങ്ങുക

7) ഒരു വൃക്ഷത്തൈ നടുക

8) ഉപയോഗിക്കാത്ത സമയത്ത് വൈദ്യുതി ഓഫ് ചെയ്യുക

അന്തരീക്ഷത്തിലേക്ക് കാർബൺ ഡയോക്സൈഡ് വിസർജ്ജിക്കുന്നത് പകുതിയാക്കി കുറക്കാനുള്ള ചില നിർദ്ദേശങ്ങളും ശാസ്ത്രജ്ഞന്മാർ മുന്നോട്ടുവച്ചിട്ടുണ്ട് –

1) വാഹനങ്ങളുടെ ഇന്ധനക്ഷമത ഗ്യാലന്ന് 75 കിലോമീറ്റർ എന്നത് 150 കിലോമീറ്റർ ആക്കുക.

2) ഒരു കാർ ഒരു കൊല്ലം ഓടിക്കുന്ന ദൂരം പകുതിയാക്കി കുറക്കുക

3) ചൂടിന്നുവേണ്ടിയും തണുപ്പിന്നു വേണ്ടിയും വെളിച്ചത്തിന്നു വേണ്ടിയും ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ കാര്യക്ഷമത 25 ശതമാനംകണ്ട് കൂട്ടുക

4) കൽക്കരി ഉപയോഗിക്കുന്ന വൈദ്യുതോല്പാദന കേന്ദ്രങ്ങ ളുടെ ശേഷി 40 ശതമാനത്തിൽ നിന്ന് 60 ശതമാനമാക്കുക

5) കൽക്കരി അധിഷ്ഠിതമായ 1400 വൈദ്യുതി കേന്ദ്രങ്ങൾ ഗ്യാസ് കൊണ്ട് പ്രവർത്തിപ്പിക്കുക

6) അണുവൈദ്യുതി മൂന്നിരട്ടികണ്ട് വർദ്ധിപ്പിക്കുക

7) കാറ്റുകൊണ്ടുള്ള വൈദ്യുതി ഉല്പാദനം 25 മടങ്ങ് വർദ്ധിപ്പി ക്കുക

8) സൗരോർജ്ജ വൈദ്യുതി 700 ഇരട്ടിയാക്കുക

9) വനം നശീകരണം പാടെ നിർത്തുക

10) ബയോഗ്യാസ് ഉല്പാദനം 50 മടങ്ങ് വർദ്ധിപ്പിക്കുക

ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ അന്തരീക്ഷത്തിലെത്തുന്ന കാർബണിന്റെ അളവ് ഗണ്യമായി കുറയ്ക്കാമെന്ന് ശാസ്ത്രജ്ഞന്മാർ പറയുന്നു. ❑

# പോലീസിന്ന് സസ്പെൻഷൻ; ക്രിമിനലിന്ന് സൽക്കാരം!

**- ഷോമ ചൗധരി -**

ഒരാൾ സഞ്ജയ് ദത്തിനെ ഇഷ്ട പ്പെടുന്നുവെങ്കിൽ, മാപ്പാക്കാവുന്നതേയുള്ളൂ. സഞ്ജയന്റ ഭാഗം വാദിച്ച സുഹൃത്തുക്കളേയും മാപ്പാക്കാവുന്നതേയുള്ളൂ. സിനിമ പ്രാണവായുവായി ത്തീർന്നിട്ടുള്ള ഒരു രാജ്യത്തിലെ ജനങ്ങൾ ഉള്ളാലെ അദ്ദേഹത്തോട് സഹതപിക്കുന്നതും മാപ്പാക്കാവുന്നതാണ്. സഞ്ജയ് ദത്തിനെ വെറുക്കാനും കുറ്റപ്പെടുത്താനും വിഷമമാണ്. നർഗിസിന്റേയും സുനിൽ ദത്തിന്റേയും പുത്രൻ; രണ്ടുപേരും പ്രശസ്ത സിനിമാതാരങ്ങൾ; തന്റേടികൾ; അനുഗ്രഹീതർ, ആർജ്ജവബുദ്ധിയുള്ള പാർലിമെന്റേറിയൻമാർ- സഞ്ജയ ദത്തിന്റെ ജീവിതം സുവർണ്ണ ദീപ്തിയിൽ ആറാടി നിൽക്കേണ്ടതായിരുന്നു. എന്നാൽ ദുരന്തങ്ങൾ അദ്ദേഹത്തെ വേട്ടയാടി; അന്തംകെട്ട് പ്രവർത്തിച്ചു; തട്ടിതടഞ്ഞു വീണു; പിഴച്ചു എന്നാലും ഒരാൾ സഞ്ജയ ദത്തിനെ ഇഷ്ടപ്പെടുന്നുവെങ്കിൽ, കുറ്റം പറയാനാവില്ല.

എന്നാൽ പ്രധാന മന്ത്രിയുടെ വസതിയിൽ പ്രശസ്തനായ ഒരതിഥിയായി അദ്ദേഹത്തെ സ്വീകരിച്ചത് മാപ്പാക്കാവുന്ന ഒന്നല്ല, അതും ഒരു പൊതു ചടങ്ങിൽവച്ച്; അവിടെ ആഭ്യന്തരകാര്യ മന്ത്രി ശിവരാജ് പാട്ടീൽതന്നെ അദ്ദേഹത്തെ പുൽകുന്നു; സോണിയാ ഗാന്ധി സൽക്കരിക്കുന്നു.

നമ്മുടെ നേതാക്കൻമാർ പൊതുജീവിതത്തിൽ ഔചിത്യ ദീക്ഷയില്ലാതെ പെരുമാറുന്ന കാഴ്ച മനം മടുപ്പിക്കുന്ന ഒന്നായിത്തീർന്നിട്ടുണ്ട്. സഞ്ജയ് ദത്ത് ശിക്ഷിക്കപ്പെട്ട ഒരു ക്രിമിനൽ പുള്ളിയാണ്. നിയമവിരുദ്ധമായി ആയുധം കൈവശം വച്ചതിന്ന് ടാഡ കോടതിയിൽ ശിക്ഷിക്കപ്പെട്ട ആളാണദ്ദേഹം. കുറ്റം നിസ്സാരമൊന്നുമല്ല. നിയമവിരുദ്ധമായി ആയുധം കയ്യിൽ വച്ചതിന്നു പുറമെ, മറ്റുള്ളവരെക്കൊണ്ട് കുറ്റകൃത്യം ചെയ്യിച്ച ആളുമാണ്. ഈ കുറ്റം ചെയ്തതിന്റെ സാഹചര്യമെന്താണ്? ഇന്ത്യയുടെ സമീപകാല ചരിത്രത്തിലുണ്ടായ ഏറ്റവും വലിയ അക്രമങ്ങളിലൊന്നാണ് മുംബായ് സ്ഫോടനങ്ങൾ; 257 പേർ മരിച്ചു; 123 പേർ വിചാരണക്കു പാത്രമായി; അവരിൽ 12 പേർക്ക് വധ ശിക്ഷ കിട്ടി; 20 പേർക്ക് ജീവപര്യന്തം തടവാണ് ശിക്ഷ; മറ്റുള്ളവരും ശിക്ഷിക്കപ്പെട്ടു. അതിലൊരാളാണ് സഞ്ജയ് ദത്ത്.

സഞ്ജയ് ദത്തിനേക്കാൾ നിസ്സാര കുറ്റം ചെയ്തവരാണ് പലരും. സഞ്ജയ് ദത്തിനെപ്പോലെ അബു സലേമിനെ അറിയുന്നവരല്ല പലരും; അനീസ് ഇബ്രാഹിമുമായി അവർ സംസാരിച്ചിട്ടില്ല. എ.കെ. 56 ഇനം തോക്കോ, കൈബോംബോ വാങ്ങിയവരുമല്ല. എന്നിട്ടും അവർ സഞ്ജയ് ദത്തിനേക്കാൾ കഠിനമായ ശിക്ഷക്ക് പാത്രമായി. പ്രധാനമന്ത്രി മൻമോഹൻ സിങ് ഈ പാവങ്ങളെ പരസ്യമായി സ്വവസതിയിൽ ക്ഷണച്ചു വരുത്തി സൽക്കരിക്കുമോ? സഞ്ജയ് ദത്തിന്റെ തോക്കുകൾ സ്വന്തം വസതിയിൽ രണ്ടു ദിവസം സൂക്ഷിക്കാൻ സമ്മതിച്ചുവെന്ന ഒരേ ഒരു കുറ്റത്തിന്ന് ശിക്ഷിക്കപ്പെട്ടിരിക്കുന്ന പാവം സൈബുനിസയെ ശിവരാജ് പാട്ടീൽ ആശ്ലേഷിക്കുമോ? വേണ്ട. ഇതിനേക്കാളെല്ലാം അന്ധാളിപ്പിക്കുന്ന മറ്റൊരു ചോദ്യം. ഇടക്കാല

ജാമ്യം ലഭിച്ചതിനെത്തുടർന്ന് സഞ്ജയ്ദത്ത് യർവാദ ജയിലിൽനിന്നും പുറത്തു വന്ന അവസരത്തിൽ അദ്ദേഹത്തിന്ന് ഹസ്തദാനം ചെയ്തുവെന്നതിന്ന് ഒരു പാവം കോൺസ്റ്റബിളിനെ സസ്പെൻഡ് ചെയ്തില്ലേ; വേറെ ഏഴു പോലീസുകാർക്കെതിരെ ഡിപ്പാർട്ടുമെന്റൽ അന്വേഷണത്തിന്ന് കല്പന നൽകിയില്ലേ? പാവം പോലീസുകാരുടെ കഥ ഇതെല്ലാമാണെങ്കിൽ, രാജ്യത്തിന്റെ രക്ഷിതാക്കളായ മൻമോഹൻ സിങ്ങിന്റേയും ശിവരാജ് പട്ടിലിന്റേയും സോണിയാ ഗാന്ധിയുടേയും കഥയെന്താകണം!

പൊതുജീവിതത്തിലെ പെരുമാറ്റവും ഔചിത്യ ദീക്ഷയും സംബന്ധിച്ച ധാരണയാണ് ഒരു രാജ്യത്തിന്ന് അന്തസ്സുണ്ടാക്കുന്നത്. ഔചിത്യ ദീക്ഷയാണ് ഒരു രാഷ്ട്രത്തിന്റെ സ്വഭാവത്തിന്നു നിർണ്ണായകം. കുറച്ചുകാലം മുമ്പ് ബ്രിട്ടീഷ് ആഭ്യന്തരകാര്യ സെക്രട്ടറി ഡേവിഡ് ബ്ലങ്കറ്റിന്ന് രാജിവയ്ക്കേണ്ടി വന്നു. അദ്ദേഹത്തിന്റെ കുറ്റം? തന്റെ മുൻ കാമുകിയുടെ ആയക്കൊരു വിസ കാലതാമസം കൂടാതെ കൊടുക്കണമെന്ന് നിർദ്ദേശിച്ചു. എന്തെങ്കിലും ഔദാര്യമല്ല; കാലതാമസം ഒഴിവാക്കിച്ചതിന്ന്! പൊതുജീവിതത്തിലെ ഈ വിശുദ്ധി ഇന്ത്യയിൽ വിഭാവനം ചെയ്യാൻ പോലും സാധ്യമല്ല. ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ടോണി ബ്ലയറിന്ന് സ്ഥാനമൊഴിയേണ്ടി വന്നത് എന്തുകൊണ്ടാണ്? ഇറാഖ് കാര്യത്തിൽ ടോണി നുണ പറഞ്ഞുവെന്ന ധാരണ ജനങ്ങളിൽ മിക്കവർക്കും ഉണ്ടായതായിരുന്നു കാരണം. ഇന്ത്യയിൽ നുണ പറഞ്ഞാൽ ആരെങ്കിലും അത് ഗൗരവമായെടുക്കുമോ?

നമ്മുടെ ദേശീയ പെരുമാറ്റ രീതി അധ:പതിച്ചു വരുന്നതായി നാമെല്ലാം ആക്ഷേപിക്കാറുണ്ട്. നമ്മുടെ പാർലിമെന്റ് അംഗങ്ങൾ പരസ്പരം നേരിടുന്നത് വാദ മുഖങ്ങൾകൊണ്ടല്ല. ചെരിപ്പുകൊണ്ടാണ്. നമ്മുടെ ഭരണകേന്ദ്രങ്ങളിൽ റൗഡികൾ കൂസലെന്യേ വിഹരിക്കുന്നു. സ്വാധീന ശക്തിയുള്ളവർ പരസ്യമായിതന്നെ തങ്ങളുടെ കിങ്കരൻമാരെ കൊണ്ടു നടക്കുന്നു. നമുക്ക് തെറ്റും ശരിയും വേർതിരിച്ചറിയാനാകാത്ത സ്ഥിതി വന്നിട്ടുണ്ട്. അവസരവാദം നമ്മുടെ ബുദ്ധിയെ കെടുത്തിയിരിക്കുന്നു. ചിത്രശാലയിൽ പ്രദർശിപ്പിച്ചിരിക്കുന്ന ചിത്രങ്ങൾ തെമ്മാടികൾ തല്ലിത്തകർത്താൽ, തെമ്മാടികളെ പിടിക്കുകയല്ല, ചിത്രപ്രദർശനം നിരോധിക്കുകയാണ് നാം ചെയ്യുക; കൈക്കൂലി വാങ്ങുന്നത് നാം ക്യാമറയിൽ പകർത്തിയാൽ, കൈക്കൂലിയെയല്ല ക്യാമറയെയാണ് നാം കുറ്റപ്പെടുത്തുക; ചീഫ് ജസ്റ്റീസുമാർക്കെതിരെയും മന്ത്രിമാർക്കെതിരെയും കുന്നുകുന്നായി തെളിവു ഹാജരാക്കിയാലും മിണ്ടാതിരുന്നാൽ കാര്യം ഒഴിഞ്ഞുപോകും.

ഇന്ത്യയിൽ നാണം എന്ന ഒന്നില്ലാതായിരിക്കുന്നു. പാതകം നടത്തിയാലും കൈക്കൂലി വാങ്ങിയാലും അക്രമം കാണിച്ചാലും അധികാര ദുർവിനിയോഗം നടത്തിയാലും കഴിവുകേട് കാണിച്ചാലും ഒരാളും നാണിച്ച് തല താഴ്ത്തില്ല; അതു മറച്ച്പിടിക്കണമെന്നു പോലും തോന്നുകയില്ല; തുറന്നു കാണിച്ചാലും ആർക്കുമൊരു കൂസലുമില്ല.

ഇതിന്റെയെല്ലാം മർമ്മത്തിൽ കിടക്കുന്നത് ഒരൊറ്റ കാര്യമാണ് - പൊതുജീവിതത്തിൽ ഔചിത്യ ദീക്ഷ വേണമെന്ന വിചാരം ആർക്കുമില്ലാതായിരിക്കുന്നു എന്നതാണത്. മൻമോഹൻ സിങ്ങിനും ശിവരാജ് പട്ടീലിന്നും സോണിയാഗാന്ധിക്കും സ്വകാര്യമായ ഇഷ്ടത്തെ പൊതുവായ ഔചിത്യത്തിൽനിന്ന് വേർതിരിച്ചുകാണാൻ കഴിയാതെ വരുന്നു. കോടതിയിൽ ശിക്ഷിക്കപ്പെട്ട ഒരാളെ പ്രധാനമന്ത്രിയുടെ വസതിയിൽ ഔദ്യോഗികമായ അതിഥിയായി വിളിച്ചു

# ബീഹാറിൽ മൂന്നു രാഷ്ട്രീയ ക്രിമിനലുകൾക്ക് വധശിക്ഷ

**ക്രി**മിനൽ രാഷ്ട്രീയത്തിന്ന് കുപ്രസിദ്ധമായ ബീഹാറിൽ മൂന്നു രാഷ്ട്രീയ ക്രിമിനലുകൾക്ക് കോടതി വധശിക്ഷ വിധിച്ചു. ബീഹാറിലെ ഭരണകക്ഷിയായ യുണൈറ്റഡ് ജനതാദളത്തിന്റെ നേതാക്കന്മാരാണ് മൂന്നു പേരും. ഇവർക്കു പുറമെ ഒരു ഡസ



വധശിക്ഷ ലഭിച്ച ആനന്ദമോഹൻ

നോളം അനുയായികൾക്ക് ജീവപര്യന്തം തടവോ ദീർഘകാല തടവോ വിധിച്ചിട്ടുണ്ട്.

1994 ൽ ഗോപാൽ ഗഞ്ച് ജില്ലാ കളക്ടർ ജി. കൃഷ്ണയ്യയെ വധിച്ച കേസിലാണ് നീണ്ട 13 കൊല്ലങ്ങൾക്കു ശേഷം പട്നാ സെഷൻസ് ജഡ്ജി വിധി പറഞ്ഞത്.

മുൻ എം.പി. ആനന്ദ് മോഹൻ, അദ്ദേഹത്തിന്റെ ഭാര്യയും മുൻ എം.പി. യുമായ ലൗലി ആനന്ദ് മുൻ എം.എൽ.എ. അകലഖ് അഹമ്മദ്, ഇപ്പോഴത്തെ ഭരണകക്ഷി എം.എൽ.എ. യായ മുന്ന ശുക്ല എന്നിവർക്കു പുറമെ യുണൈറ്റഡ് ജനതാദളം നേതാക്കളായ മറ്റു പല നേതാക്കളും ഈ കേസിൽ പ്രതികളായിരുന്നു.

ഇതിൽ ആനന്ദ് മോഹൻ, അകലഖ് അഹമ്മദ്, അരുൺ കുമാർ എന്നിവർക്ക് വധശിക്ഷ ലഭിച്ചപ്പോൾ ലൗലിക്കും മുന്ന ശുക്ലക്കും ജീവപര്യന്തം തടവാണ് ലഭിച്ചത്. മറ്റുള്ളവർക്ക് വിവിധ കാലയളവുകളിലെ തടവു ശിക്ഷ ലഭിച്ചു.

ഇന്ത്യയിൽ വധശിക്ഷക്ക് വിധിക്കപ്പെടുന്ന ഒന്നാമത്തെ ലോകസഭാംഗമാണ് ആനന്ദ് മോഹൻ. ശിക്ഷിക്കപ്പെട്ടവർ മുൻ എം.പി. മാരും മുൻ എം.എൽ. എ മാരും മറ്റുമായി വിശേഷിപ്പിക്കപ്പെടുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ ഇവർ വെറും ഗുണ്ടകൾ മാത്രമാണ്. കയ്യൂക്കുകൊണ്ടു മാത്രമാണ് ഇവർ തിരഞ്ഞെടുപ്പുകളിൽ ജയിച്ചു കയറുന്നത്.

---

കയറ്റി സൽക്കരിക്കുന്നതിലുള്ള അനൗചിത്യം മനസ്സിലാക്കാൻ കഴിയാത്തവർക്ക്, വലിയ പ്രശ്നങ്ങളിലെ ശരിയും തെറ്റും എങ്ങനെ വേർതിരിച്ചറിയാൻ കഴിയും?

ആശ്രമം വക പണത്തിൽ നിന്ന് ചെലവാക്കുന്ന ഓരോ പൈസക്കും കസ്തൂർബ കണക്കെഴുതി കാണിക്കണമെന്ന് മോഹൻ ദാസ് ഗാന്ധി ശഠിച്ചിരുന്നു. ഇതൊക്കെ ഒരു ശഠന്റെ അതിക്രമമായിട്ടാണ് നമ്മുടെ മരവിച്ച തലക്ക് തോന്നുക. പക്ഷെ ആ ഔചിത്യ ദീക്ഷയിലാണ് ഒരു മഹാത്മാവ് ജന്മം കൊള്ളുന്നത്. ഗാന്ധിയനിസം പ്രചരിപ്പിക്കുന്നതിനുള്ള ഗ്ലോബൽ ഇന്ത്യൻ അവാർഡ് നൽകി സഞ്ജയ മുന്ന ഭായ് ദത്തിനെ നാം ആദരിക്കുന്നത് ഈ ഔചിത്യ ദീക്ഷ മനസ്സിലാക്കാനുള്ള നമ്മുടെ കഴിവുകേടിനെയാണോ വ്യക്തമാക്കുന്നത്? ❑

തിരഞ്ഞെടുപ്പിൽ ജയിക്കാനായി വിവിധ രാഷ്ട്രീയ കക്ഷികൾ ഇവരെ പാട്ടിലാക്കുന്നു; അങ്ങനെ ഇവർക്ക് രാഷ്ട്രീയ പരിവേഷം കൈവരുന്നുവെന്നേയുള്ളൂ.

ബീഹാറിലെ ഒരു ഗാന്ധിയൻ സ്വാതന്ത്ര്യ സമരനേതാവായിരുന്ന രാം ബഹാദുർസിങ്ങിന്റെ പൗത്രനാണ് ആനന്ദ


അനന്തസിങ്

മോഹൻ. 1970 കളിൽ കോളേജ് വിട്ട് ജയപ്രകാശിന്റെ അഴിമതി വിരുദ്ധ പ്രസ്ഥാനത്തിൽ ചേർന്നതോടെയാണ് ഇയാളുടെ പൊതു ജീവിതം ആരംഭിക്കുന്നത്. 1977 ൽ പ്രധാനമന്ത്രി മൊറാർജി ദേശായിക്ക് കരിങ്കൊടി കാണിച്ചുകൊണ്ട് ഇയാൾ രാഷ്ട്രീയ പ്രവേശനം നടത്തി.

ബീഹാറിലെ സഹർസ ജില്ലയിലെ പചഗഛിയ ഗ്രാമത്തിൽ ഒരു ഇടത്തരം രജപുത്ര കുടുംബത്തിൽ ജനിച്ച ആനന്ദ മോഹന്ന് രാഷ്ട്രീയത്തേക്കാൾ ഗുണ്ടായിസത്തോടായിരുന്നു താല്പര്യം. സഹർസ മേഖലയിൽ ആനന്ദ മോഹൻ എന്നത് ഗുണ്ടായിസത്തിന്റെ പര്യായമാണ്. പണക്കാരും പ്രതാപികളുമായ ബിസിനസ്സുകാരെയാണ് ഇയാൾ കാര്യമായി കൈകാര്യം ചെയ്തിരുന്നത് എന്നതിനാൽ സാധാരണക്കാർക്കിടയിൽ ഇയാൾക്കൊരു മതിപ്പുണ്ടായിത്തീർന്നു. കൊലപാതക ക്കേസുകളടക്കം മുപ്പതോളം ക്രിമിനൽ കേസുകളിലെ പ്രതിയാണിയാൾ. എന്നാൽ ഇരുപതോളം കേസുകളിൽ, തെളിവില്ലെന്നു പറഞ്ഞ് കോടതി ഇയാളെ വെറുതെ വിട്ടിരുന്നു. ഇനിയും എട്ടു കേസുകൾ ബാക്കിയാണ്.

ആനന്ദ് മോഹനനെപ്പോലെത്തന്നെ ഒരു ഗുണ്ടാനേതാവാണ് മുന്ന ശുക്ല. ഇയാളും ഒട്ടേറെ ക്രിമിനൽ കേസുകളിൽ പ്രതിയാണ്. മുസാഫർപൂർ-വൈശാലി ജില്ലകളെ കിടുകിടെ വിറപ്പിക്കുന്ന ഭീകരനാണിയാൾ. കൃഷ്ണയ്യ വധക്കേസിൽ ഇയാൾക്ക് ജീവപര്യന്തം തടവുശിക്ഷയാണ് വിധിച്ചിരിക്കുന്നത്.

ആനന്ദ മോഹൻ 1990 ൽ നിയമസഭാംഗമായും 1996 ൽ ലോകസഭാംഗമായും തിരഞ്ഞെടുക്കപ്പെട്ടപ്പോൾ മുന്ന ശുക്ല 2000 ലാണ് നിയമസഭയിലെത്തിയത്.

ഒട്ടേറെ ക്രിമിനൽ കേസുകളിൽ പ്രതിയായി ഒളിവിൽ കഴിഞ്ഞിരുന്ന ആനന്ദ് മോഹൻ 1983 ൽ ഗതികെട്ട് കോടതിയിൽ കീഴടങ്ങി. ജാമ്യം നിഷേധിക്കപ്പെട്ട് ജയിലിൽ കിടക്കുമ്പോഴും ഇയാൾ തന്റെ ഗുണ്ടാ സംഘത്തെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്തു പോന്നു. അവരിൽ പലരും തന്ത്രപൂർവ്വം രാഷ്ട്രീയത്തിൽ പ്രവേശിച്ചു ആനന്ദ് മോഹൻ 1990 ൽ ജനതാദളത്തിന്റെ ടിക്കറ്റിൽ മത്സരിച്ച് നിയമസഭാംഗമായി.

ഈ ഘട്ടത്തിലാണ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കിയത്. തുടർന്നുണ്ടായ സംവരണ വിരുദ്ധ പ്രക്ഷോഭണത്തിൽ പങ്കാളിയായി ആനന്ദ് മോഹൻ ജനതാദളം വിട്ടു. ഈ അവസരത്തിലാണ് ലൗലി എന്ന രജപുത്ര വനിതയെ ആനന്ദ് മോഹൻ വിവാഹം കഴിക്കുന്നത്. 1994 ൽ വൈശാലി ലോകസഭാ സീറ്റിൽ നടന്ന ഉപതിരഞ്ഞെടു

പ്പിൽ ഇയാൾ ലൗലിയെ സ്വതന്ത്രസ്ഥാനാർത്ഥിയായി നിർത്തി. ഈ ഉപതിരഞ്ഞെടുപ്പ് പലതുകൊണ്ടും ശ്രദ്ധേയമായിരുന്നു. പ്രഗത്ഭനും സത്യസന്ധനെന്ന് പ്രസിദ്ധനുമായിരുന്ന എസ്. എൻ. സിംഹയുടെ പത്നിയെയാണ് ജനതാദളം ഇവിടെ സ്ഥാനാർത്ഥിയാക്കിയിരുന്നത്. എന്നിട്ടും ലൗലി ജയിച്ചത് ആനന്ദ് മോഹന്റെ കയ്യൂക്കിന്റെ ശക്തി കൊണ്ടായിരുന്നു.

പക്ഷെ ഈ വിജയാഹ്ലാദം അല്പായുസ്സായിത്തീർന്നു. കൃഷ്ണയ്യ വധക്കേസിൽ പ്രതികളായി രണ്ടുപേരും അറസ്റ്റ് ചെയ്യപ്പെട്ടു. എന്നാൽ ഹൈക്കോടതി രണ്ടു പേർക്കും ജാമ്യം അനുവദിച്ചു.

ഈ ഘട്ടത്തിലാണ് ലാലു പ്രസാദിന്റെ നേതൃത്വത്തിലുള്ള ജനതാദളം പിളർന്നത്. ജോർജ് ഫെർണാണ്ടസ്, നിതീശ്കുമാർ തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള ഒരു വിഭാഗം സമതാ പാർട്ടി രൂപീകരിച്ചു.

1995 ലെ തിരഞ്ഞെടുപ്പിൽ സമതാ പാർട്ടിക്കാർ ആനന്ദ മോഹനെ സമതാ പാർട്ടി സ്ഥാനാർത്ഥിയാക്കാൻ ശ്രമിച്ചുവെങ്കിലും നടന്നില്ല. ആനന്ദ മോഹൻ ബീഹാർ പീപ്പിൾസ് പാർട്ടി എന്നൊരു പാർട്ടിതന്നെയുണ്ടാക്കുകയും നൂറു സീറ്റിൽ സ്ഥാനാർത്ഥികളെ നിർത്തുകയും ചെയ്തു. ആനന്ദ മോഹൻ തന്നെ മുന്നു സീറ്റിൽ ഒരേ സമയം മത്സരിച്ചു. പക്ഷെ മൂന്നു സീറ്റിലും അയാൾ തോൽക്കുകയാണുണ്ടായത്.

ഈ തിരഞ്ഞെടുപ്പു കഴിഞ്ഞ ഉടനെ സുപ്രീം കോടതി ആനന്ദ മോഹന്റെ ജാമ്യം റദ്ദാക്കി. ഗതികെട്ട അയാൾക്ക് ഫെർണാണ്ടസ്സിനേയും നിതീശ് കുമാറിനേയും അഭയംപ്രാപിക്കേണ്ടി വന്നു. അങ്ങനെ 1996 ൽ അയാൾ ലോകസഭയിലെത്തി. 2005 ൽ നടന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ നീതീശ് കുമാറിനെ അധികാരത്തിലെത്താൻ സഹായിച്ചവരിലൊരാൾ ആനന്ദ മോഹനാണ്.

ബീഹാറിലെ രാഷ്ട്രീയം അടിമുടി ജാതി രാഷ്ട്രീയമാണ്. പിന്നോക്ക ജാതിക്കാരും (OBC) മുസ്ലീമുകളും പട്ടിക ജാതിക്കാരും ചേർന്ന കൂട്ടുകെട്ടായിരുന്നു ലാലു പ്രസാദിന്റെ ബലം. ഭൂപ്രഭുക്കന്മാരായ രജപുത്രരും ഭൂമിഹാർമാരുമാണ് ബീഹാറിലെ മറ്റു രണ്ടു പ്രബല ജാതികൾ. ഇവർ ബി.ജെ.പി. യിലും കോൺഗ്രസ്സിലുമായി ഭിന്നിച്ചു നിൽക്കുമ്പോൾ ലാലു പ്രസാദിന്റെ ജനതാദൾ ജയിച്ചുപോരികയാണ് പതിവ്. 2005 ൽ ആനന്ദ മോഹൻ മുൻകയ്യെടുത്ത് രജപുത്രരേയും ഭൂമിഹാർമാരേയും ഒന്നിച്ചണിനിരത്തിയതിനാൽ ബി.ജെ.പി.യുടെ നേതൃത്വത്തിലുള്ള എൻ.ഡി.എ. അധികാരത്തിലെത്തി.

വധശിക്ഷക്ക് വിധിക്കപ്പെട്ട ആനന്ദ് മോഹനെ യുണൈറ്റഡ് ജനതാദളം നേതാവായ ജോർജ് ഫെർണാണ്ടസ് ഒക്ടോബർ എട്ടാം തിയ്യതി ബീയൂർ സെൻട്രൽ ജയിലിൽ പോയി കാണുകയുണ്ടായി. ആനന്ദ് മോഹന്നെതിരായ കേസ് അടിസ്ഥാന രഹിതമാണെന്ന് ഫെർണാണ്ടസ് പറയുന്നു.

വി.ഐ.പി. കൾ പ്രതികളായിട്ടുള്ള ഇരുപത്തൊന്നു ക്രിമിനൽ കേസുകൾകൂടി ബീഹാറിലെ വിവിധ കോടതികളിൽ വിചാരണയിലുണ്ട്. യുണൈറ്റഡ് ജനതാദളം എം.പി.യും. രജപുത്രനേതാവമായ പ്രഭുനാഥ് സിങ്, ലോക ജനശക്തിനേതാവും എം.എൽ.എ. യുമായ രമാ കിശോർ സിങ്, ഈയിടെ പത്രക്കാരെ തല്ലിയ യുണൈറ്റഡ് ജനതാദളം എം.എൽ.എ. യായ അനന്ത സിങ്, മറ്റൊരു എം. എൽ.എ യായ സുനിൽ പാണ്ഡെ എന്നിവരെല്ലാം ഈ വി.ഐ.പി. ക്രിമിനലുകളുടെ പട്ടികയിൽ പെടുന്നു. ❏

# ഗുജറാത്തിൽ തെഹൽക നടത്തിയ രഹസ്യാന്വേഷണം

2002 ഫെബ്രുവരി 27 ന്ന് ഗുജറാത്തിലെ ഗോധ്ര റെയിൽവേ സ്റ്റേഷനിൽ തീവണ്ടിക്ക് തീപിടിച്ചതിനെത്തുടർന്ന് ഗുജറാത്തിൽ വ്യാപകമായി മുസ്ലീമുകൾക്കെതിരെ ഒരു നരവേട്ട നടന്നു. ദിവസങ്ങളോളം നീണ്ടുനിന്ന ഈ കലാപത്തിൽ ആയിരത്തിൽപരം പേർ മരിച്ചു. മുസ്ലീമുകളുടെ നൂറുകണക്കിന്നു വീടുകൾ കൊള്ളയടിക്കുകയും തീവച്ചു നശിപ്പിക്കുകയുമുണ്ടായി.

സർക്കാരിന്റെ ഒത്താശയോടെ നടന്ന ഈ നരവേട്ടയുടെ യഥാർത്ഥ ചിത്രം ഇന്നും അജ്ഞാതമാണ്. ഗവർമ്മേണ്ട് കുറെ കേസുകളെടുത്തിട്ടുണ്ട്. പക്ഷെ യഥാർത്ഥ പ്രതികൾ ഒഴിവാക്കപ്പെട്ടിരിക്കുകയാണ്. ഒരന്വേഷണ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. അവരുടെ അന്വേഷണമങ്ങനെ നീണ്ടുപോകുന്നു. അക്രമങ്ങൾക്ക് നേതൃത്വം നൽകിയവരെത്തന്നെ പ്രോസിക്യൂട്ടർമാരായി നിയമിച്ചിരിക്കുന്നു. സാക്ഷികൾ കാലുമാറുന്നു. സത്യം പുറത്തുവരാൻ അനുവദിക്കില്ലെന്ന് ഗവർമ്മേണ്ട് ദൃഢനിശ്ചയം ചെയ്തിരിക്കുകയാണ്.

ഈ സാഹചര്യത്തിലാണ് "തെഹൽക" വാരിക ഗുജറാത്തിലെ നരവേട്ടയുടെ യഥാർത്ഥ ചിത്രം പുറത്തുകൊണ്ടുവരുന്നതിന്നൊരു രഹസ്യാന്വേഷണം ആരംഭിച്ചത്. ഷർട്ടിന്റെ ബട്ടണിൽ ഒളിപ്പിച്ചുവക്കാവുന്ന ചെറിയ രണ്ടു ഒളി ക്യാമറകളുമായി ഇറങ്ങിയ തെഹൽക ലേഖകൻ നരവേട്ടക്ക് നേതൃത്വം നൽകിയവരിൽ രണ്ടു ഡസനോളം പേരുമായി നടത്തിയ അഭിമുഖ സംഭാഷണങ്ങൾ ഈയിടെ ടെലിവിഷനിൽ അവതരിപ്പിക്കുകയുണ്ടായി.

കേന്ദ്രത്തിൽ വാജപേയിയുടെ നേതൃത്വത്തിലുള്ള ബി.ജെ.പി. ഗവർമ്മേണ്ട് ഭരിക്കുമ്പോൾ, ജോർജ് ഫെർണാണ്ടെസ്, ദേശരക്ഷാമന്ത്രിയായിരിക്കുമ്പോൾ, ആയുധ കച്ചവടത്തിൽ നടന്നിരുന്ന കൈക്കോഴയുടെ വിവരങ്ങൾ പുറത്തുകൊണ്ടുവന്നതിനെത്തുടർന്ന് ഏറെ വേട്ടയാടപ്പെട്ട തെഹൽക്കയുടെ പുതിയ രഹസ്യാന്വേഷണത്തിന്റെ വിവരമാണിത്.

വാസ്തവത്തിൽ തെഹൽക ലേഖകനായ ആശിഷ് ഖേതൻ മറ്റൊരു കേസന്വേഷിക്കാനാണ് ഒരു കൊല്ലം മുമ്പ് ഇറങ്ങി പുറപ്പെട്ടത്. ബറോഡയിലെ മഹാരാജാ സായാജി റാവു യൂണിവേഴ്സിറ്റിയിലെ ഫൈൻ ആർട്സ് വിഭാഗത്തിലെ കുട്ടികൾ വരച്ച ചില ചിത്രങ്ങൾ വിശ്വഹിന്ദുക്കളിൽപെട്ട ചിലരെ ക്ഷോഭിപ്പിച്ചിരിക്കുന്നു. പതിവുപോലെ അവരതെല്ലാം തല്ലിത്തകർത്തു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച കൈകൾ കണ്ടുപിടിക്കാനാണ് ആശിഷ് ഖേതൻ പുറപ്പെട്ടത്.

ഗുജറാത്തിലെ ഹൈന്ദവ നവോത്ഥാനത്തെപ്പറ്റി ഗവേഷണം നടത്താൻ ദൽഹിയിൽ നിന്നെത്തിയ പിയൂഷ് അഗർവാൾ എന്നൊരു വിദ്യാർത്ഥിയുടെ വേഷത്തിലാണ് ഖേതൻ ബറോഡയിലെത്തിയത്. ഇത് കഴിഞ്ഞ മേയിലാണ്. ബറോഡയിലെ വിശ്വഹിന്ദു നേതാവായ ധീമന്ത ഭട്ട് എന്നൊരാളെയാണ് അദ്ദേഹം ആദ്യം പരിചയപ്പെട്ടത്. സായാജിറാവു യൂണിവേഴ്സിറ്റിയിലെ ചീഫ് എക്കൗണ്ടന്റാണിദ്ദേഹം. ഭട്ടുമായുള്ള സൗഹൃദം ശക്തിപ്പെട്ടപ്പോൾ, 2002 ലെ കലാപകാലത്ത് താൻ നടത്തിയ വിക്രമങ്ങളുടെ കഥകൾ

ഇയാൾ പറയാൻ തുടങ്ങി. അങ്ങനെയാണ് ഖേതാന്റെ രഹസ്യാന്വേഷണം 2002 ലെ കൂട്ടക്കൊലയിലേക്ക് തിരിഞ്ഞത്.

ഭട്ട് നിർദ്ദേശിച്ചതനുസരിച്ച് ഖേതൻ ഗവേഷണ വിദ്യാർത്ഥിയുടെ വേഷത്തിൽ അഹമ്മദാബാദിൽ ചെന്ന് വിശ്വഹിന്ദു നേതാവായ ബാബു ബജ്രംഗിയെ കണ്ടു. ഏറ്റവുമധികം പേർ വധിക്കപ്പെട്ട നരോദ പതിയയിലെ നരവേട്ടയുടെ നേതൃത്വം ഇയാൾക്കായിരുന്നു. തീവണ്ടി അഗ്നിക്കിരയായ 2002 ഫെ. 27 ന്ന് രാത്രി താനൊരു ടീമിനെ സംഘടിപ്പിച്ച വിവരവും മുസ്ലീമുകളെ വേട്ടയാടാൻ ഹിന്ദുക്കളിൽനിന്ന് 23 കൈത്തോക്ക് പിടിച്ചെടുത്ത വിവരവും എന്തു ചെയ്യാനും മടിയില്ലാത്ത ഛാറ എന്ന ക്രിമിനൽ വർഗ്ഗത്തിൽ പെട്ടവരെ അക്രമത്തിന്നായി സംഘടിപ്പിച്ച വിവരവുമെല്ലാം ബജ്രംഗി വിവരിച്ചു. മുസ്ലീമുകളുടെ ഒരൊറ്റ വീടോ കടയോ ബാക്കി വരാതെ എല്ലാം കത്തിച്ച വിവരവും കയ്യിൽ കിട്ടിയവരെയെല്ലാം കൊന്ന രീതിയും അയാൾ വിസ്തരിക്കുകയുണ്ടായി.

വിശ്വഹിന്ദു പരിഷത്തിന്റെ അഹമ്മദാബാദ് സിറ്റി പ്രസിഡണ്ടായ രാജേന്ദ്ര വ്യാസിനേയും ഖേതൻ പലതവണ കണ്ടു സംസാരിച്ചു. അയോദ്ധ്യയിലേക്ക് മുന്നൂറു സ്ത്രീകളടക്കം 1800 കർസേവകരെ കൊണ്ടുപോയത് ഇയാളാണ്. എന്നാൽ അമ്പതു പേർക്കേ ടിക്കറ്റ് എടുത്തിരുന്നുള്ളൂ. ഒരോ കമ്പാർട്ടുമെന്റിലും ഇരിക്കാവുന്നതിന്റെ മൂന്നിരട്ടി ആളുകൾ കയറിപ്പറ്റിയിരുന്നു. മുന്നൂറു സ്ത്രീകളെ സുരക്ഷിതമായി വീടുകളിൽ എത്തിക്കേണ്ടിയിരുന്നതിനാൽ തനിക്ക് മുസ്ലീം സംഹാര ക്രിയയിൽ കാര്യമായി പങ്കെടുക്കാനായില്ലെന്ന് അയാൾ പറഞ്ഞു. എങ്കിലും അഞ്ചുപേരെ വെടിവെച്ചുകൊന്നുവെന്നും ഒമ്പതു വീടുകൾ തീവച്ചു നശിപ്പിച്ചുവെന്നും അയാൾ സമ്മതിച്ചു.

അഹമ്മദാബാദിലെ ഗുൽബർഗ് മേഖലയിൽ കോൺഗ്രസ്സ് എം.പി. ജാഫ്രിയടക്കം നൂറോളം പേരെ കൊന്ന ജനകൂട്ടത്തിലുണ്ടായിരുന്ന മദൻ ചാവൽ, പ്രഹ്ളാദ രാജു, മംഗിലാൽ ജയിൻ എന്നിവരേയും ഖേതൻ ഒറ്റക്കൊറ്റക്ക് കണ്ട് സംസാരിച്ചു. മുസ്ലീമുകളുടെ വീട്ടിലെ ഗ്യാസ് സിലിണ്ടറുകൾ എടുത്ത് പൊട്ടിച്ചു അകത്തുകയറിയതെങ്ങനെയെന്നും നൂറോളം പേരെ വധിച്ചതെങ്ങനെയെന്നും കച്ചവടക്കാരായ ഇവർ വിവരിക്കുന്നുണ്ട്. മൂന്നുമണിക്കൂറിന്നകം എല്ലാം തീർക്കണമെന്ന് പറഞ്ഞ് പോലീസ് ഒഴിഞ്ഞുമാറി നിന്നതായി ഇവർ പറഞ്ഞു.

വിശ്വഹിന്ദുക്കൾ അവരുടെ നരവേട്ടക്ക് മുന്നിട്ടിറക്കിയത് ഛര എന്ന ക്രിമിനൽ വർഗ്ഗക്കാരെയായിരുന്നു. ഇവരിൽപെട്ട പ്രകാശ് റാത്തോഡ്, സുരേശ് രിച്ചാർഡ് എന്നിവരേയും ഖേതൻ കണ്ടു സംസാരിക്കുകയുണ്ടായി.

ഗുജറാത്ത് കലാപത്തിൽ മുസ്ലീമുകൾക്ക് ഏറ്റവുമധികം സാമ്പത്തിക നഷ്ടം വരുത്തിത്തീർത്തത് സബർകാന്ത ജില്ലയിലാണ്. മുസ്ലീമുകളുടെ നൂറുകണക്കിന്നു വീടുകളും ബിസിനസ്സ് സ്ഥാപനങ്ങളും അവിടെ അഗ്നിക്കിരയാക്കപ്പെട്ടു. വിശ്വഹിന്ദു നേതാവായ അനിൽ പട്ടേലാണ് ഇതിന്നു നേതൃത്വം നൽകിയത്. മുസ്ലീമുകളുടെ വീടുകളിൽ കയറിച്ചെന്ന് പുറമെനിന്ന് പൂട്ടിയിട്ട് വീടിന്നു തീ വെയ്ക്കുകയും അകത്തുള്ളവരെ കൂട്ടത്തോടെ വെന്തെരിക്കുകയും ചെയ്യുക എന്ന തന്ത്രമാണിയാൾ അവിടെ പ്രയോഗിച്ചത്. അനിൽ പട്ടേലിന്റെ സ്വന്തം ഗ്രാമമായ ധൻസൂരയിൽ 126 വീടുകൾ കത്തിച്ചു ചാരമാക്കിയതായി അയാൾ അവകാശപ്പെട്ടു. ജില്ലയിലാകെ മുസ്ലീമുകളുടെ 1545 വീടുകളും 1237 ബിസിനസ്സ് സ്ഥാപനങ്ങളും 549 കടകളും ⇨

# ഒറീസയിൽ തൊഴിലുറപ്പ് ഉദ്യോഗസ്ഥൻമാർക്ക്

**- പരശുറാം റായ് -**

**ഇ**ന്ത്യയിൽ ദാരിദ്ര്യ നിവാരണത്തിന്നായി ഇപ്പോൾ നാലു പദ്ധതികളാണ് നിലവിലുള്ളത്. (1). പൊതുവിതരണ സംവിധാനം (2). സംയോജിത ശിശു ക്ഷേമ പദ്ധതി (3). ഉച്ചഭക്ഷണ പദ്ധതി (4). ഗ്രാമീണ തൊഴിലുറപ്പു പദ്ധതി. ഈ നാലു പദ്ധതികളും ശരിക്കു നടപ്പാക്കിയാൽ ഇന്ത്യയിലൊരാൾക്കും ഒരിക്കലും പട്ടിണി കിടക്കേണ്ടി വരില്ല. ഇവയിൽ ഏറ്റവും പ്രധാനം പൊതുവിതരണ പദ്ധതിയും തൊഴിലുറപ്പു പദ്ധതിയുമാണ്. പക്ഷെ യഥാർത്ഥത്തിൽ എന്താണ് സംഭവിക്കുന്നത്? ഭക്ഷ്യ-പൊതുവിതരണ-ഉപഭോഗമന്ത്രികാര്യാലയത്തിന്റെ പുതിയ റിപ്പോർട്ടിൽ പറയുന്നത് ഇതാണ് -

---

അഗ്നിക്കിരയാക്കിയതായും അയാൾ ഖേതാനോട് പറഞ്ഞു. വിശ്വഹിന്ദുക്കളുടെ രോഷത്തിന്നിരയാകാത്ത ഒരു ഗ്രാമം പോലും ജില്ലയിലില്ലെന്നും അയാൾ പറയുകയുണ്ടായി.

നരവേട്ടക്കിറങ്ങിയവർക്കുവേണ്ട ബോംബും തോക്കും എത്തിച്ചു കൊടുത്തവരിൽ പ്രധാനി ഗോധ്ര എം. എൽ. എ. ആയ ഹരേശ് ഭട്ട് ആണെന്നറിഞ്ഞ് ഖേതാൻ അയാളേയും കണ്ടു സംസാരിച്ചു. ലാത്തി ഉപയോഗിക്കുന്ന കാലം കഴിഞ്ഞുവെന്നും ആർ.എസ്.എസ്. കാർ തോക്കുപയോഗിക്കാൻ പഠിക്കണമെന്നും ഭട്ട് പറഞ്ഞു. വിശ്വഹിന്ദു പരിഷത്തിന്റെ യുവജന വിഭാഗമായ ബജ്രംഗ് ദളക്കാർക്ക് താൻ പണ്ടുമുതൽക്കേ സൈനിക പരിശീലനം നൽകിവരുന്നുണ്ടെന്നും, ഭട്ട് അവകാശപ്പെട്ടു.

ഇവർക്കു പുറമെ അതിക്രമങ്ങൾക്ക് നേതൃത്വം നൽകിയവരായ ഡസൻ കണക്കിന്ന് ആളുകളെ ഖേതൻ ഗവേഷണവിദ്യാർത്ഥിയുടെ വേഷത്തിൽ ചെന്നു കണ്ടു സംസാരിക്കുകയുണ്ടായി. ഈ സംഭാഷണ വിവരങ്ങളെല്ലാം ഒളിക്യാമറയിൽ പകർത്തിയിട്ടുണ്ട്. ഈയിടെ അത് ടെലിവിഷനിൽ കാണിക്കുകയും ചെയ്തു.

തെഹൽക ലേഖകന്റെ ആറുമാസം നീണ്ടുനിന്ന ഒളിപ്രവർത്തനത്തിന്റെ മൊത്തത്തിലുള്ള നേട്ടമെന്താണ്? ബുദ്ധിജീവികൾക്കിടയിലെ പ്രതികരണം ഒട്ടും അനുകൂലമല്ല.

1. ഗുജറാത്തിൽ നിയമസഭാ തിരഞ്ഞെടുപ്പു നടക്കാൻ പോകുന്ന അവസരത്തിൽ ഇത് പ്രസിദ്ധീകരിച്ചത് മുഖ്യമന്ത്രി മോഡിയുടെ കൈകൾക്ക് കരുത്തു കൂട്ടുകയേ ചെയ്യൂ എന്നു ചിലർ ആക്ഷേപിക്കുന്നു.

2. ഗുജറാത്തിലെ കൂട്ടക്കൊലക്കിടയിൽ നടന്നതായി പറയപ്പെട്ടിരുന്ന ഭീകരമായ പല സംഭവങ്ങളും സത്യം തന്നെയാണെന്ന് ബോധ്യപ്പെടുത്താൻ തെഹൽകക്ക് കഴിഞ്ഞുവെന്ന് മറ്റൊരു കൂട്ടർ പറയുന്നു.

3. ഗുജറാത്ത് കലാപം സംബന്ധിച്ച് ഒട്ടേറെ പേർ ജയിലിൽ കഴിയുന്നുണ്ട്. എന്നാൽ എല്ലാറ്റിനും ചുക്കാൻ പിടിച്ചവർ പുറത്ത് സുഖമായി കഴിയുകയാണെന്ന് തെഹൽക ചൂണ്ടിക്കാട്ടുന്നു.

4 സത്യം എന്താണെന്നറിയാൻ സൗകര്യമുണ്ടാക്കി എന്നതാണ് തെഹൽകക്ക് അവകാശപ്പെടാവുന്ന ഏറ്റവും വലിയ നേട്ടം. ❑

പാവങ്ങൾക്ക് കുറഞ്ഞ വിലക്ക് വിതരണം ചെയ്യാനായി ഗവർമ്മേണ്ട് കഴിഞ്ഞ കൊല്ലം അനുവദിച്ച 11,337 കോടി രൂപയുടെ ഭക്ഷ്യ ധാന്യങ്ങൾ നിയമവിരുദ്ധമായി കമ്പോളത്തിലെത്തി. കൊല്ലം തോറും പാവങ്ങൾക്കായി അനുവദിക്കുന്ന ഗോതമ്പിൽ 53 ശതമാനവും അരിയിൽ 39 ശതമാനവും കമ്പോളത്തിലാണ് എത്തുന്നത്. ഇന്ത്യയിൽ എല്ലായിടത്തും പൊതുവിതരണത്തിന്നായി അനുവദിക്കുന്ന ധാന്യങ്ങളിൽ വലിയൊരു ഭാഗം കമ്പോളത്തിൽ വിറ്റ് കാശാക്കുന്നുണ്ട്.

ഭരണ വർഗ്ഗം നടത്തുന്ന കണ്ണിൽ ചോരയില്ലാത്ത ഈ തട്ടിപ്പിന്റെ ഏറ്റവും ഭീകരമായ ഉദാഹരണങ്ങളിലൊന്ന് നമുക്ക് ഒറീസ്സയിൽ കാണാം. ഇന്ത്യയിലെ ഏറ്റവും ദരിദ്രമായ സംസ്ഥാനങ്ങളിലൊന്നാണ് ഒറീസ്സ. ദൽഹിയിലെ പരിസ്ഥിതി-ഭക്ഷ്യ സുരക്ഷാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലും എന്റെ നേതൃത്വത്തിലും ഒറീസ്സിയിലെ 100 ഗ്രാമങ്ങളിൽ നടത്തിയ ഒരു സർവ്വേയിൽ തൊഴിലുറപ്പുപദ്ധതി പ്രകാരം അനുവദിച്ച 733 കോടി രൂപയിൽ 500 കോടി രൂപയും ഉദ്യോഗസ്ഥൻമാർ തട്ടിത്തിന്നതായി കണ്ടെത്തി. മാത്രമല്ല, ഗവർമ്മേണ്ടിന്റെ അവകാശവാദങ്ങളത്രയും നുണയാണെന്നും തെളിഞ്ഞു.

ഒറീസയിലെ 19 ജില്ലകളിലാണ് കഴിഞ്ഞ കൊല്ലം തൊഴിലുറപ്പു പദ്ധതി നടപ്പാക്കിയത്. തൊഴിൽ ആവശ്യപ്പെട്ട ഒരോ കുടുംബത്തിന്നും 57 ദിവസത്തെ പണി നൽകിയിട്ടുണ്ടെന്നും സർക്കാർ അവകാശപ്പെടുന്നു. എന്നാൽ ഞങ്ങൾ നടത്തിയ സർവ്വേയിൽ, തൊഴിലിന്നപേക്ഷിച്ച അനേകം കുടുംബങ്ങൾക്കു തൊഴിൽ നൽകിയിട്ടില്ലെന്നല്ല, തൊഴിലിന്നുള്ള കാർഡ് പോലും നൽകിയിട്ടില്ലെന്നു കണ്ടെത്തി. തൊഴിൽ കാർഡ് ലഭിച്ച അപൂർവ്വം ചില കുടുംബങ്ങൾക്കാകട്ടെ അഞ്ചു ദിവസത്തിലേറെ പണികിട്ടിയിട്ടുമില്ല.

ഉദ്യോഗസ്ഥൻമാർ സ്വന്തം പോക്കറ്റിലൊതുക്കിയ ഈ 500 കോടി രൂപ പാവങ്ങൾക്ക് തൊഴിൽ നൽകാൻ ഉപയോഗിച്ചിരുന്നുവെങ്കിൽ അതി ദരിദ്രരായ പത്തു ലക്ഷം കുടുംബങ്ങൾക്ക് 90 ദിവസം വീതം പണി നൽകാൻ കഴിയുമായിരുന്നു; ഒരോ കുടുംബത്തിന്നും 5000 രൂപ വീതം കൂലിയായി കിട്ടുമായിരുന്നു; ആറുമാസം രണ്ടുനേരം ഭക്ഷണം കഴിക്കാൻ ഇതുമതിയാകുമായിരുന്നു.

ഒറീസയിലെ ഉദ്യോഗസ്ഥന്മാർ നടത്തിയത് വെറുമൊരു തട്ടിപ്പല്ല; പത്തുലക്ഷം കുടുംബങ്ങളുടെ ഒരുകൊല്ലത്തെ ആഹാരമാണിവർ തട്ടിപ്പറിച്ചത്.

ഒറീസയിലെ റായിഗഡ, കൊരാപുട്ട്, കാളഹന്ദി എന്നീ ജില്ലകളിൽ കഴിഞ്ഞ രണ്ടുമാസത്തിന്നിടയിൽ നൂറുകണക്കിന്ന് ആദിവാസികൾ പട്ടിണിമൂലം മരിച്ചിട്ടുണ്ട്. മലിനജലം കുടിച്ചതുകൊണ്ടും ചീഞ്ഞ ഭക്ഷണം കഴിച്ചതുകൊണ്ടുമാണ് ഇവർ മരിച്ചതെന്നാണ് പറയുന്നത്. സർക്കാരിന്റെ സകല വകുപ്പുകളിലും അഴിഞ്ഞാടുന്ന അഴിമതിയുടെ അനന്തരഫലമായി പടർന്നു പിടിച്ചിരിക്കുന്ന കോളറയാണ് ഈ മരണങ്ങൾക്ക് കാരണമെന്ന് ഞങ്ങളുടെ സർവ്വേ വ്യക്തമാക്കുന്നു. ദാരിദ്ര്യ നിവാരണത്തിന്നുള്ള സകല പദ്ധതികളിൽനിന്നും ഉദ്യോഗസ്ഥന്മാർ നിരന്നുനിന്ന് പകൽകൊള്ള നടത്തുമ്പോൾ, മറ്റെന്തുസംഭവിക്കാനാണ്!

500 കോടി രൂപ കൊള്ളയടിച്ചതിന്നും കോളറ മരണങ്ങൾക്കും തമ്മിൽ എന്താണ് ബന്ധം? അത് വ്യക്തം മരിച്ചവരെല്ലാം ആദിവാസികളാണ്. സ്വതവേ തന്നെ ഇവരെല്ലാം പട്ടിണിപാവങ്ങളാണ്. കാളഹന്ദി-ബോലൻഗീർ-കൊരാപുട്ട് മേഖല പട്ടിണിമരണങ്ങൾക്ക് കുപ്രസിദ്ധമാണ്. മഴക്കാലത്ത് ഈ മേഖലയിലെ ആദിവാസികൾക്ക് ഭക്ഷണം ലഭ്യമല്ല.

മാങ്ങയുടെ അണ്ടി അരച്ചു കലക്കി കുടിക്കുകയും പച്ചില പറിച്ചു വേവിച്ചു തിന്നുകയുമാണിവർ ചെയ്യുന്നത്.

മനുഷ്യരെ മൃഗതുല്യരാക്കുന്ന ഇത്തരം ദാരിദ്ര്യത്തിൽനിന്ന് ജനങ്ങൾക്ക് മോചനം നൽകാൻ വേണ്ടിയാണ് ഗവർമ്മേണ്ട് ഒരു തൊഴിലുറപ്പു പദ്ധതി കൊണ്ടുവന്നത്. ചരിത്രപ്രധാനമായ ഈ തൊഴിലുറപ്പു പദ്ധതിയെ ഒറീസയിലെ ഉദ്യോഗസ്ഥ വർഗ്ഗം തങ്ങൾക്കുള്ള ഒരു സമ്പാദ്യ പദ്ധതിയാക്കി മാറ്റിയിരിക്കുന്നു. ഇന്ത്യയിൽ മറ്റേത് പ്രദേശത്തിന്ന് അനുവദിച്ചതിനേക്കാളും വലിയൊരു തുക ഒറീസക്കനുവദിച്ചിട്ടും ഒറീസയിലെ പട്ടിണി മേഖലയിലെ പട്ടിണിക്ക് ഒരു കടുകുമണിയോളംപോലും കുറവു വന്നിട്ടില്ല. മനുഷ്യ വികസന സൂചികയനുസരിച്ചു പറഞ്ഞാൽ, ഒറീസയിലെ പട്ടിണി മേഖലയുടെ സ്ഥിതി ആഫ്രിക്കൻ ഗ്രാമങ്ങളിലേതിനേക്കാളും ദയനീയമാണ്.

2001ൽ റായഗഡ ജില്ലയിൽ പട്ടിണി മരണങ്ങളുണ്ടായതിനെത്തുടർന്ന് മുഖ്യമന്ത്രി നവീൻ പട്നായക് അവിടെ സന്ദർശിച്ചിരുന്നു. അതുകഴിഞ്ഞിട്ടിപ്പോൾ കൊല്ലം ആറായെങ്കിലും സ്ഥിതിഗതികളിൽ ഒരു മാറ്റവും വന്നിട്ടില്ല. മിക്കവീടുകളിലും തീ പുകയുന്നില്ല. മാങ്ങയണ്ടി അരച്ചുകലക്കി കുടിച്ചാണവർ ജീവൻ നിലനിർത്തുന്നത്. പനസഗുഡ, ഗോട്ടിഗുഡ എന്നീ ഗ്രാമങ്ങളിലെ പാവങ്ങൾക്ക് തൊഴിൽ കാർഡ് പോലും കിട്ടിയിട്ടില്ല. ബിലാമൽ ഗ്രാമത്തിൽ ചിലർക്ക് കാർഡ് കിട്ടിയെങ്കിലും അവർക്ക് രണ്ടോ മൂന്നോ ദിവസം മാത്രമാണ് പണി കിട്ടിയത്. ബീലാമൽ ഗ്രാമത്തിലെ ഒരു കുടുംബത്തിൽ 2001 ൽ നാലു പേർ പട്ടിണിമൂലം മരിച്ചിരുന്നു. ഈ കുടുംബത്തിന്ന് ഇതുവരെ കാർഡ് നൽകിയിട്ടില്ല. കഴിഞ്ഞ രണ്ടുമാസത്തിന്നിടയിൽ ഈ ഗ്രാമത്തിൽ എട്ടുപേരെങ്കിലും പട്ടിണി മൂലം മരിച്ചിട്ടുണ്ട്. പക്ഷെ ഉദ്യോഗസ്ഥൻമാർ അതൊക്കെ കോളറമരണം എന്ന വകുപ്പിൽ എഴുതി തള്ളിയിരിക്കുകയാണ്.

ഏറ്റവുമധികം കോളറ മരണമുണ്ടായത് കാശിപ്പൂർ ബ്ലോക്കിലാണ്. ഈ ബ്ലോക്കിലെ മുപ്പതു ഗ്രാമങ്ങളിൽ ഞങ്ങൾ സർവ്വേ നടത്തുകയുണ്ടായി. ഇവിടങ്ങളിൽ രേഖപ്രകാരം തൊഴിലുറപ്പു പദ്ധിതി നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ആർക്കും പണിയോ കൂലിയോ കിട്ടിയിട്ടില്ല. കാളഹന്ദി ജില്ലയിലെ പൽസിപാദ ഒരു ആദിവാസി ഗ്രാമമാണ്. ഇന്ത്യയിലെത്തന്നെ ഏറ്റവും ദരിദ്രമായ ഗ്രാമമാണിതെന്നു പറയാം. കാളഹന്ദിയാകട്ടെ, ഇന്ത്യയുടെ പട്ടിണിയുടെ തലസ്ഥാനമായിട്ടാണ് അറിയപ്പെടുന്നത്. പൽസിപാദ ഗ്രാമത്തിലെ മാദ്ധിക്ക് 21 ദിവസത്തെ പണി കിട്ടി; അതിന്നു കൂലിയായി കിട്ടിയത് 600 ക. യാണ്. എന്നാൽ അയാളുടെ തൊഴിൽ കാർഡിൽ അയാൾ 336 ദിവസം പണിയെടുത്തതായി എഴുതിച്ചേർത്തിട്ടുണ്ട്. എന്നാൽ സർക്കാർ വെബ് സൈറ്റിലെ കണക്ക പ്രകാരം ഇയാൾക്ക് 102 ദിവസമാണ് പണികിട്ടിയത്. അതിന്നയാൾക്ക് 6310 രൂപ കൂലി നൽകിയതായും പറയുന്നു. രൂപമാദ്ധിക്ക് യഥാർത്ഥത്തിൽ കിട്ടിയത് 600 രൂപ യാകയാൽ 5710 രൂപ ഉദ്യോഗസ്ഥന്മാർ സ്വന്തം പോക്കറ്റിലാക്കിയെന്നു വരുന്നു. ഇത് ഒരൊറ്റ പാവത്തിന്റെ കയ്യിൽനിന്ന് തട്ടിപ്പറിച്ചതാണെന്ന് ഓർക്കണം.

കാളഹന്ദിയിലെ മറ്റൊരു ഗ്രാമമാണ് പൊഖാറിഘട്ട്. ഇവിടെ തൊഴിലുറപ്പു പദ്ധതി പ്രകാരം ചെലവാക്കിയെന്നു പറയുന്ന തുകയിലെ 95 ശതമാനവും ഉദ്യോഗസ്ഥന്മാരാണ് തട്ടിയെടുത്തത്. ഇവിടത്തെ സകല രേഖകളിലും കൃത്രിമം കാണിച്ചിട്ടുണ്ട്; കൃത്രിമമില്ലാത്ത ഒരൊറ്റ കാർഡുപോലും ഞങ്ങൾക്കു കണ്ടെത്താനായില്ല.

Registered: KL/CR/TCR/347/2006-08
Reg. No.3551/93/L Dis Licensed to post without prepayment: KL/TCR/WPP-06/2006-08

ഞങ്ങളുടെ സർവ്വേയുടെ റിപ്പോർട്ട് ആഗസ്ത് 17 ന്ന് പ്രസിദ്ധീകരിച്ചു വെങ്കിലും ഒറീസാ ഗവർമ്മേണ്ടിൽ നിന്ന് ഇതുവരെ ഒരു പ്രതികരണവുമു ണ്ടായിട്ടില്ല. അതിനേക്കാൾ അത്ഭുത കരമായത് ഒറീസയിലെ പ്രധാന പ്രതി പക്ഷ കക്ഷിയായ കോൺഗ്രസ് അവ ലംബിച്ചു വരുന്ന മൗനമാണ്. മറ്റു കൊച്ചു പ്രതിപക്ഷ കക്ഷികൾ ഈ പകൽകൊള്ളയെപ്പറ്റി ചർച്ച ചെയ്യാൻ നിയമസഭ വിളിച്ചു കൂട്ടണമെന്നാവശ്യ പ്പെട്ടിട്ടും ഭരണകക്ഷികളിലൊന്നായ ബി.ജെ.പി. പോലും ഈ കൊള്ളയെ അപലപിച്ചിട്ടും കോൺഗ്രസ്സിന്ന് അന ക്കമില്ല! ❑

## അഴിമതി

ഇന്ത്യൻ സമ്പദ് വ്യവസ്ഥ അതി വേഗം വളരുന്നു; ലക്ഷപ്രഭുക്കളുടെ എണ്ണം പെരുകി വരുന്നു. അതേ സമയം ഇന്ത്യക്കാരിൽ മൂന്നിലൊ രാൾ അത്താഴപട്ടിണി കിടക്കുന്നു; കൊല്ലത്തിൽ 10,000 പേരെങ്കിലും പട്ടി ണിമൂലം മരിക്കുന്നു.

ഇന്ത്യയിലെ സാമ്പത്തിക ദാരിദ്ര ത്തിന്നു കാരണം രാഷ്ട്രീയ ദാരിദ്ര മാണെന്ന് മേഘനാദ് ദേശായ് പറയു മ്പോൾ അതിനോട് യോജിക്കാതിരി ക്കാനാവില്ല. അഴിമതിയും ദുർഭര ണവുമാണ് ഈ ഗതികേടിന്നു കാര ണം. ❑

# കേരപെക്സ് 2007

11–ാം കേരള ഫിലാറ്റെലിക് എക്സിബിഷൻ ഡിസംബർ 5 മുതൽ 8 വരെ തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ നടക്കുന്നതാണ്.

400–ൽ പരം ഫ്രെയിമുകളിലായി തപാൽ സ്റ്റാമ്പുകൾ, ഫിലാറ്റെലിയു മായി ബന്ധപ്പെട്ട മറ്റു വസ്തുക്കൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉണ്ടാ യിരിക്കുന്നതാണ്.

പുതിയതും പഴയതുമായ തപാൽ സ്റ്റാമ്പുകൾ, ഫിലാറ്റെലിയുമായി ബന്ധ പ്പെട്ട മറ്റു വസ്തുക്കൾ തുടങ്ങിയവ വിൽക്കുന്ന ഡീലർ ബൂത്തുകളും ഈ പ്രദർശനത്തിൽ ഉണ്ടായിരിക്കുന്നതാണ്.

ക്ഷണിതാക്കളുടെ വിഭാഗത്തിൽ അപൂർവ്വമായ അനേകം തപാൽ സ്റ്റാമ്പു കൾ പ്രദർശിപ്പിക്കുന്നതാണ്.

പ്രവേശനം സൗജന്യമായിരിക്കും.

***കൂടുതൽ വിവരങ്ങൾക്ക്:***

വെബ് സൈറ്റ്: www.indiapostkerala.org

ഇ മെയിൽ: kerapex2007@gmail.com

ടെലിഫോൺ: 0471-2305860, 0471-2308060 Extn: 321

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.